# യുവജനലോകം

നവംബർ 2025




എന്റെ രക്തത്താൽ വീണ്ടെടുത്ത എന്റെ മക്കളെ എന്നോടുകൂടെ കൂട്ടിച്ചേർക്കുവാൻ,

# വേഗത്തിൽ വരുന്നു!

# ആമുഖം

പ്രിയപ്പെട്ട യൗവനക്കാരെ,

യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ!

നിങ്ങളെല്ലാവരും യേശുവിനുവേണ്ടി തീക്ഷ്ണതയോടെ ജീവിക്കുന്നത് കാണുമ്പോൾ എന്റെഹൃദയം സന്തോഷിക്കുന്നു. ലോകത്തെയും അതിന്റെ മോഹങ്ങളെയും പിന്തുടരുന്ന നിരവധി യൗവനക്കാരുടെ മദ്ധ്യത്തിൽ, യേശുവിനുവേണ്ടി തീക്ഷ്ണതയോടും വിശുദ്ധിയോടും ജീവിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാരാണ്.

ഞാൻ കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ ജീവിക്കുന്നു, പാപത്തിന്റെ പ്രലോഭനങ്ങളെ അതിജീവിച്ച് യേശുവിനായി വേർതിരിക്കപ്പെട്ട ജീവിതം നയിക്കുന്ന എനിക്ക് നിന്ദയും കഷ്ടപ്പാടുകളും അപമാനവും ഉണ്ടാകുന്നു. എന്നാൽ നാമമാത്ര ക്രിസ്ത്യാനികളായി ജീവിക്കുന്നവർ സന്തുഷ്ടരാണെന്ന് ചിന്തിച്ച് ചില യൗവനക്കാർ മനസ്സ് തളർന്നുപോയിരിക്കുന്നു. ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നെ ശോധന ചെയ്യും (1കൊരി. 3:13) എന്ന് വേദപുസ്തകത്തിൽ പറയുന്നു. ഓരോരുത്തരുടെയും പ്രവൃത്തി വെളിപ്പെടും! അത് പ്രഖ്യാപിക്കും. കാരണം അത് തീയാൽ വെളിപ്പെടും. ഓരോരുത്തരുടെയും പ്രവൃത്തി ഏതുതരം ആണെന്ന് ആ തീ പരിശോധിക്കും.

'നമുക്ക് ഇഷ്ടമുള്ളതുപോലെ ജീവിക്കാം' എന്ന് ലോകം പറയുമ്പോൾ, ദൈവമക്കളായ നാം അന്ത്യകാല ഉണർവിൽ ഉപയോഗിക്കപ്പെടണമെങ്കിൽ, ലോകവുമായി പൊരുത്തപ്പെടുന്നതിനു പകരം, വേർതിരിക്കപ്പെട്ട ജീവിതം നയിക്കണം.

മോശെ 3 മാസം മുതൽ 40 വയസ്സ് വരെ കൊട്ടാര ജീവിതം നയിച്ചു. എന്നാൽ താൻ ആരാണെന്നും, താൻ ആരുടേതാണെന്നും തന്റെ ബാല്യകാലം മുതൽ തന്നെ ആരാണ് സംരക്ഷിച്ചതെന്നും, തന്റെ ജനം ആരെന്നും തന്റെ ദൈവം ആരെന്നും തിരിച്ചറിഞ്ഞപ്പോൾ, അടുത്ത തലമുറയെ സേവിക്കുന്നതിനുപകരം ദൈവജനത്തോടൊപ്പം കഷ്ടത അനുഭവിക്കാൻ തീരുമാനിച്ചു (എബ്രാ. 11:25).

മോശെയുടെ തീക്ഷ്ണത കണ്ട് മുഴുവൻ ഇസ്രായേലിനെയും നയിക്കാൻ കർത്താവ് അവനെ ഒരു നേതാവായി തിരഞ്ഞെടുത്തു. കർത്താവ് അവനിലൂടെ അത്ഭുതകരമായ അടയാളങ്ങൾ പ്രവർത്തിച്ചു.

മോശെയ്ക്ക് ശേഷം യോശുവയുടെ വിലമതിക്കാനാകാത്ത തീക്ഷ്ണത കണ്ട്, അവനെ കർത്താവ് നീതിമാനായ ഒരു നേതാവായി ഉയർത്തി ഉപയോഗിച്ചു. ഇതുപോലെ കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ ജീവിക്കുന്ന നിങ്ങളെയും കർത്താവ് അങ്ങനെതന്നെ ഉയർത്തും.

മറ്റുള്ളവരുമായി നിങ്ങളെ താരതമ്യം ചെയ്യരുത്, നിരുത്സാഹപ്പെട്ടുപോകാതെ നിങ്ങളുടെ കണ്ണുകൾ കർത്താവിൽ മാത്രം ഉറപ്പിച്ച് നിങ്ങളുടെ ഓട്ടം നന്നായി ഓടുവിൻ. കർത്താവിന് ഇഷ്ടമില്ലാത്ത ജനക്കൂട്ടത്തിൽ നിന്ന് മോശെ വിട്ടുമാറി, കർത്താവിനുവേണ്ടി കഷ്ടമനുഭവിക്കാൻ തന്നെ സ്വയം സമർപ്പിച്ചപ്പോൾ കർത്താവ് അദ്ദേഹത്തിലൂടെ ഇസ്രായേലിന് വലിയൊരു രക്ഷ കല്പിച്ചു. അതുകൊണ്ട് ലോകത്തിലെ ഇന്ദ്രിയസുഖങ്ങൾ വെറുക്കുകയും കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ നിലനിൽക്കുകയും ചെയ്യുമ്പോൾ, കർത്താവ് നിങ്ങളുടെ ഗ്രാമത്തിലും നഗരത്തിലും ഒരു വലിയ ചലനം കൊണ്ടുവരുമെന്നതിൽ സംശയമില്ല. നിങ്ങളുടെ പ്രതിഫലം കർത്താവിനോടുകൂടെ വരുന്നു!

ക്രിസ്തുവിന്റെ വേലയിൽ
**മോഹൻ സി. ലാസറസ്.**



# റോക്കറ്റ് മാൻ!



**പ്രിയപ്പെട്ട യുവ നേട്ടക്കാർക്ക് എന്റെ സ്നേഹാശംസകൾ!**

**നമുക്ക് എന്തെങ്കിലും പോരായ്മയോ രോഗമോ ഉണ്ടെങ്കിൽ, പലപ്പോഴും അതിനെക്കുറിച്ച് പറഞ്ഞ് സ്വയം കുറ്റപ്പെടുത്തിക്കൊണ്ട് നമ്മുടെ വിജയത്തെ നാം മുറിവേൽപ്പിക്കുന്നു. എന്നാൽ കുറവുകളെ വിജയത്തിന്റെ തുടക്കമായി കണ്ട് വിജയം നേടുന്നവർ ചുരുക്കം ചിലർ മാത്രമാണ്. അങ്ങനെ വിജയം കൈവരിച്ച ഒരാളുടെ ജീവിതം നിങ്ങളുടെ മുന്നിൽ....**

2022ൽ ബ്രസീലിലെ സാന്താ റീത്താ ഡോ ചാപുകായിലാണ് ഗബ്രിയേൽ സിന്നോ ജനിച്ചത്. ഫോക്കോമേലിയ എന്ന അവസ്ഥയിലാണ് അദ്ദേഹം ജനിച്ചത്. ഫോക്കോമേലിയ എന്നാൽ ഒരു അപൂർവ ജനനവൈകല്യമാണ്, കൈകളോ കാലുകളോ ശരീരവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുകയും മധ്യഭാഗം വളരെ ഇടുങ്ങിതുമായി കാണപ്പെടുന്നു. തൽഫലമായി, ഗബ്രിയേലിന്റെ കൈകൾ പൂർണ്ണമായും നഷ്ടപ്പെട്ടും, കാലുകൾ വളർച്ചയില്ലാതെ വളരെ ചെറുതുമായിരുന്നു. അയാളെ കണ്ട പലരും ഈ കുട്ടിക്ക് മറ്റുള്ളവരെപ്പോലെ സാധാരണ ജീവിതം നയിക്കാൻ കഴിയില്ല എന്നാണ് കരുതിയിരുന്നത്. ദാരിദ്ര്യത്തിന്റെയും ശാരീരിക വൈകല്യത്തിന്റെയും ഇരട്ട വെല്ലുവിളികൾ നേരിട്ട ഗബ്രിയേലിന് ദൈനംദിന ജീവിത്തിലെ ഏറ്റവും ലളിതമായ ജോലികൾ പോലും ചെയ്യുവാൻ ബുദ്ധിമുട്ടായിരുന്നു. എന്നിരുന്നാലും, എന്റെ മകന് ഒരു സാധാരണ ജീവിതം നയിക്കാൻ കഴിയും, അതിനേക്കാൾ ഉയർന്ന ജീവിതം നയിക്കുവാനും കഴിയും എന്ന വിശ്വാസത്തോടെ അയാളുടെ മാതാവ് എപ്പോഴും അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചിരുന്നു.

കൈകൾ ഇല്ലാതിരുന്നിട്ടും, നാലോ അഞ്ചോ വയസ്സുള്ളപ്പോൾ ഗബ്രിയേൽ നീന്തൽ പഠിച്ചു. 13 വയസ്സുള്ളപ്പോൾ സ്കൂളിലെ ഫിസിക്കൽ എജ്യൂക്കേഷൻ അധ്യാപകൻ അവന്റെ അറിവില്ലാതെ, നീന്തൽ മത്സരത്തിൽ അവനെ ഉൾപ്പെടുത്തി. അത്ഭുതമെന്നു പറയട്ടെ, ആ മത്സരത്തിൽ ഗബ്രിയേൽ മൂന്ന് സ്വർണ്ണ മെഡലുകൾ നേടി. അത് വിജയത്തിലേക്കുള്ള യാത്രയുടെ ആദ്യപടിയായിരുന്നു. അതിനുശേഷം അവൻ നീന്തലിൽ കൂടുതൽ താല്പര്യം കാണിക്കുവാൻ തുടങ്ങി. കൈകളില്ലാതെ നീന്തുന്നത് അസാധ്യമാണെന്ന് തോന്നിയെങ്കിലും, ഗബ്രിയേൽ തന്റെ ഇടുപ്പും കാലുകളും ഉപയോഗിച്ച് ഒരു ഡോൾഫിനെപ്പോലെ നീന്താൻ തുടങ്ങി.

**Cruziero** എന്ന പ്രശസ്തമായ ക്ലബ്ബിൽ പരിശീലനം ആരംഭിച്ചു. അവിടെയുള്ള കളിക്കാരും പരിശീലകരും അദ്ദേഹത്തെ വളരെയധികം പിന്തുണച്ചു. ആഴ്ചയിൽ ആറ് ദിവസം, മണിക്കൂറുകളോളം പരിശീലനം ചെയ്ത് തന്റെ ശരീരത്തെ ബലപ്പെടുത്തി. ചെറിയ വിജയങ്ങൾ അദ്ദേഹത്തെ പ്രചോദിപ്പിച്ചു, വലിയ സ്വപ്നങ്ങൾ അദ്ദേഹത്തെ മുന്നോട്ട് നയിച്ചു.

► 2019ൽ പെറുവിൽ നടന്ന **Parapan America Games**ൽ ബ്രസീലിനെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കലം എന്നിവ നേടി.

► 2020ൽ ടോക്കിയോ പാരാ ഒളിമ്പിക്സിൽ രണ്ട് സ്വർണ്ണ മെഡലുകളും, ഒരു വെള്ളിയും നേടി ലോകവേദയിൽ അദ്ദേഹം പ്രശ്സ്തി നേടി.

► 2024ൽ പാരീസ് പാരാ ഒളിമ്പിക്സിൽ മൂന്ന് സ്വർണ്ണ മെഡലുകൾ നേടി റോക്കറ്റ് മാൻ എന്ന പേരിൽ പ്രശസ്തനായി. പുരുഷന്മാരുടെ എസ്2 200മീറ്റർ ഫ്രീസ്റ്റൈൽ ഇനത്തിൽ 3:58:92 സമയം കൊണ്ട് ഗബ്രിയേൽ സ്വർണ്ണ മെഡൽ നേടി. 100,50 മീറ്റർ ബാക്ക്സ്ട്രോക് **(Backstroke)** ഇനങ്ങളിലും ഗബ്രിയേൽ മെഡലുകൾ നേടി.

**ഇന്ന് ഗബ്രിയേൽ സിന്നോ ലോകപ്രശസ്ത പാരാ ഒളിമ്പിക്സ് താരമാണ്. അതുകൂടാതെ, ജേണലിസം വിദ്യാർത്ഥിയായി അദ്ദേഹം പഠനം തുടരുന്നു. 2028ൽ ലോസ് ഏഞ്ചൽസിൽ നടക്കുന്ന പാരാ ഒളിമ്പിക്സിൽ പങ്കെടുക്കുക എന്നതാണ് അദ്ദേഹത്തിന്റെ അടുത്ത ലക്ഷ്യം.**

**ഇത് വായിക്കുന്ന സ്നേഹിതരെ, ശാരീരക വൈകല്യം ഒരു തടസ്സമല്ല, പക്ഷേ ഇച്ഛാശക്തിയുടെ അഭാവമാണ് യഥാർത്ഥ തടസ്സം. നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും ലളിതമായ ജോലികൾ പോലും അദ്ദേഹത്തിന് ചെയ്യുവാൻ കഴിയില്ലെങ്കിലും, അദ്ദേഹം അത് ഒരു പ്രശ്നമായി കണക്കാക്കുന്നില്ല. ഇച്ഛാശക്തിയോടുകൂടിയ പ്രചോദനത്തിന്റെ പ്രതീകമായി ലോകമെമ്പാടും അദ്ദേഹം പ്രശംസിക്കപ്പെടുന്നു. നിങ്ങളുടെ വൈകല്യം എവിടെയാണ്? എന്ന് ചിന്തിച്ചുനോക്കൂ, അത് നിങ്ങളുടെ മനസ്സിലാണോ ശരീരത്തിലാണോ?**






# PILOT



കോവിൽപട്ടി ഗ്രാമത്തിൽ ജനിച്ച്, പൈലറ്റ് ആകണം എന്ന് സ്വപ്നത്തോടെ നിരവധി ദുഷ്കരമായ വഴികൾ അതിജീവിച്ച്, ഇന്ന് പൈലറ്റ് അക്കാദമി നടത്തുന്ന സഹോദരൻ ഗിയാനി സാമുവേലിനോട്, പൈലറ്റാകുവാൻ അദ്ദേഹം എത്രത്തോളം വെല്ലുവിളികൾ നേരിട്ടുവെന്ന് നമുക്ക് അന്വേഷിച്ചറിയാമോ?

## Hi Brother... നിങ്ങളുടെ കുടുംബത്തെക്കുറിച്ചും ബാല്യകാലത്തെക്കുറിച്ചും പറയാമോ?

ഞാൻ തൂത്തുക്കുടി ജില്ലയിലെ കോവിൽപട്ടിയിൽ ഒരു ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചത്. എന്റെ അച്ഛൻ public prosecutor ആയിരുന്നു. അമ്മ സ്കൂൾ പ്രിൻസിപ്പലായിരുന്ന് വിരമിച്ചു. എനിക്ക് ഒരു മൂത്ത സഹോദരിയുണ്ട്, അവർ ഒരു ഡോക്ടറാണ്. കുട്ടിക്കാലം മുതൽ pilot ആകണം എന്നതായിരുന്നു എന്റെ ലക്ഷ്യം.

ചെറുപ്പത്തിൽ നിങ്ങൾക്ക് എന്താകണം എന്ന് ചോദിക്കുമ്പോൾ, പൈലറ്റ് ആകണം എന്ന് ഞാൻ പറയുമായിരുന്നു. ആ പ്രായം മുതൽ ഞാൻ ഒരു പൈലറ്റ് ആകും എന്ന സ്വപ്നത്തോടെയാണ് ജീവിക്കുവാൻ തുടങ്ങിയത്.

## നിങ്ങളുടെ വിദ്യാഭ്യാസത്തിലും ചെറുപ്പത്തിലും നിങ്ങളുടെ

## ജീവിതത്തിന്റെ വഴിത്തിരിവ് എന്തായിരുന്നു?

കുട്ടിക്കാലം മുതൽ ഞാൻ പതിവായി പള്ളിയിൽ പോയിരുന്നു. ഞാൻ എന്റെ മാതാപിതാക്കൾക്ക് അനുസരണമുള്ള ഒരു മകനായിരുന്നു. എന്നാൽ 8-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ വികൃതിയുള്ളവനും, കൂട്ടുകാരുമൊത്ത് സമയം ചെലവഴിക്കുക, ട്യൂഷന് പോകാതെ പുറത്തു പോകുന്നതു പോലുള്ള കാര്യങ്ങളും ചെയ്യുമായിരുന്നു. എന്റെ വീട്ടിൽ യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. എന്റെ മാതാപിതാക്കൾ എന്നെ നന്നായി പഠിപ്പിച്ചു! എല്ലാ സൗകര്യങ്ങളും അവർ എനിക്ക് നൽകി. അതുകൊണ്ട് എന്ത് ചെയ്യണമെന്ന ചിന്തയില്ലാതെ, ലൗകികരായ ആളുകൾ ചെയ്യുന്നതുപോലെ ഞാൻ ജീവിതം നയിച്ചു.

**കുട്ടിക്കാലം മുതൽ Pilot ആകണം എന്നതായിരുന്നു എന്റെ ലക്ഷ്യം.**

ഈ സാഹചര്യത്തിൽ 10-ാം ക്ലാസ് പഠിച്ചുകൊണ്ടിരുന്നപ്പോൾ, എന്റെ വലതുവശം മുഖമില്ലാത്ത രീതിയിൽ ഒരു വലിയ അപകടം സംഭവിച്ചു. ആ അപകടത്തെ തുടർന്ന് ദിവസങ്ങളോളം ഞാൻ വീട്ടിൽ ഇരിക്കേണ്ട സാഹചര്യം ഉണ്ടായി. സ്കൂളിൽ പോകുവാൻ കഴിയാതെ, എങ്ങോട്ടും പോകുവാൻ കഴിയാത്ത സാഹചര്യം. അപ്പോഴാണ് ഞാൻ എന്റെ ഭാവി ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയത്. പത്താം ക്ലാസിൽ പരാജയപ്പെട്ടാൽ എന്റെ ജീവിതത്തിൽ എന്ത് സംഭവിക്കുമെന്ന് ഭയപ്പെട്ടു. അപ്പോഴാണ് എനിക്ക് കർത്താവിനോട് കൂടുതൽ അടുക്കണമെന്ന്

തോന്നിത്തുടങ്ങിയത്. അതിനുശേഷം ഞാൻ വേദപുസ്തകം വായിക്കാൻ തുടങ്ങി, യേശുവിനെക്കുറിച്ച് കൂടുതലായറിയുവാൻ ആഗ്രഹിച്ചു. കുടുംബപ്രാർത്ഥനയിൽ ഒരുമിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. അതിനുശേഷം ശരിയായ ജിവിത രീതിയിൽ വരുവാൻ ആരംഭിച്ചപ്പോൾ പ്രാർത്ഥനയും യേശുവിനോട് ചേർന്ന് ജീവിക്കേണ്ടതും എത്ര പ്രധാനമാണെന്ന് ഞാൻ മനസ്സിലാക്കി. ഇത് എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു.

### പൈലറ്റ് ആകുക എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നിങ്ങൾ എന്തൊക്കെ ശ്രമങ്ങളാണ് നടത്തിയത്?

പത്താം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ ഞാൻ എന്നെ യേശുവിന് സമർപ്പിച്ചു. എല്ലാ ദിവസവും പ്രാർത്ഥിക്കുന്ന ശീലവും ഞാൻ നിലനിർത്തി. പ്രാർത്ഥനയിലൂടെ ഞാൻ എന്ത് ചെയ്യണമെന്നും, എന്ത് ചെയ്യരുതെന്നും എനിക്ക് മനസ്സിലാകുവാൻ തുടങ്ങി. പത്താം ക്ലാസ് പൂർത്തിയാക്കിയശേഷം, ഒരു പൈലറ്റ് ആകാൻ എന്ത് ചെയ്യണമെന്ന് ഞാൻ ധാരാളം അന്വേഷണങ്ങൾ നടത്തുവാൻ തുടങ്ങി. എന്നെ നയിക്കുവാൻ ആരും ഉണ്ടായിരുന്നില്ല. എന്റെ കുടുംബത്തിലോ സ്നേഹിതരുടെ മദ്ധ്യത്തിലോ ആരും ഏവിയേഷൻ പഠിച്ചിട്ടില്ല. EEE യിൽ ഡിപ്ലോമ എടുത്താണ് ഞാൻ പഠനം പൂർത്തിയാക്കിയത്.
അതിനുശേഷം പൈലറ്റാകാൻ പഠിക്കണമെന്ന് അച്ഛനോട് പറഞ്ഞപ്പോൾ, അദ്ദേഹം പല സ്ഥലങ്ങളിലും അന്വേഷിച്ചു. ഒടുവിൽ ചെന്നൈയിൽ ഇത്തരത്തിലുള്ള പഠനം നടത്തുന്ന ഒരു സ്ഥാപനം ഉണ്ടെന്ന് അറിഞ്ഞ്, ചെന്നൈയിൽ പോയി ഞാൻ Flight Dispatch എന്ന കോഴ്സ് പഠിക്കുവാൻ തുടങ്ങി. ഈ കോഴ്സ് പഠിച്ചുകൊണ്ടിരുന്നപ്പോൾ, പൈലറ്റ് ആകാൻ ഇത് പഠിക്കേണ്ട ആവശ്യമില്ല എന്ന് അവർ എന്നോടു പറഞ്ഞു. ഇത് എനിക്ക് വലിയ നിരാശയായിരുന്നു. നിരാശകൾ ഉണ്ടായിരുന്നിട്ടും ഞാൻ പ്രാർത്ഥന ഉപേക്ഷിച്ചില്ല. കൂടുതലായി യേശുവിനെ അന്വേഷിക്കുവാൻ തുടങ്ങി. അപ്പോഴാണ് കർത്താവ് എന്നെ അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോയത്. അതായത്, പൈലറ്റ് പലിശീലന അക്കാദമിയിൽ പഠിക്കാൻ കർത്താവ് എനിക്ക് അവസരം നൽകി. അതിലും വലിയ നിരാശ നേരിടേണ്ട ഒരു സാഹചര്യം ഉണ്ടായി. ഇത്രയധികം ശ്രമങ്ങൾ നടത്തി, ഓരോ ഘട്ടത്തിലും നിരവധി പോരാട്ടങ്ങൾ നേരിട്ടുകൊണ്ടാണ് ഞാൻ പഠിച്ചത്.

**യേശുവിനോട് ചേർന്ന് ജീവിക്കേണ്ടത് എത്ര പ്രധാനമാണെന്ന് ഞാൻ മനസ്സിലാക്കി**







### നിങ്ങൾ ശ്രമങ്ങൾ അവസാനിപ്പിക്കാതെ തുടർന്നു... നിങ്ങൾ പഠിച്ച കോഴ്സ് ശരിയായിരുന്നോ?

ഞാൻ യേശുവിനോട് കൂടുതൽ അടുക്കാൻ തുടങ്ങിയപ്പോൾ, എനിക്ക് ഒരു പൈലറ്റ് ആകണം എന്ന് പിടിവാശിയോടെ പ്രാർത്ഥനയിൽ ചോദിക്കുവാൻ തുടങ്ങി. ആ സാഹചര്യത്തിൽ, ഞാൻ എന്ത് ചെയ്യണം, എന്ത് ചെയ്യാൻ പാടില്ല എന്ന് കർത്താവ് എനിക്ക് പറഞ്ഞു തന്നു. ആ സമയത്ത് കർത്താവിന്റെ അരുളപ്പാട് അനുസരിച്ച് ഞാൻ ന്യൂസിലാൻഡിൽ പഠിക്കാൻ പോയി. അവിടെയും എനിക്ക് ധാരാളം പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. ഞാൻ വിദേശത്ത് പഠിക്കുമ്പോൾ, എന്റെ പിതാവിന് പെട്ടെന്ന് അസുഖം വന്നു. ഉടനെ, പഠനം തുടരണമോ വേണ്ടയോ എന്ന ചോദ്യം എന്റെ ഉള്ളിൽ ഉയർന്നുവന്നു. പഠനം ഉപേക്ഷിച്ച് അച്ഛനെ കാണാൻ പോയാൽ, എനിക്ക് എന്റെ

സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയില്ല. ഇങ്ങനെ പല ചോദ്യങ്ങളുമായി ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു. ന്യൂസിലാൻഡിൽ ഞാൻ പോകുന്ന സഭയിലെ എന്റെ സ്നേഹിതരോട് പറഞ്ഞ് എന്റെ അച്ഛനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ, അച്ഛൻ സൗഖ്യം പ്രാപിച്ചു. എന്റെ വിശ്വാസം വളരാൻ തുടങ്ങിയപ്പോൾ, ഞാൻ കൂടുതൽ പ്രാർത്ഥിക്കാൻ തുടങ്ങി. പ്രാർത്ഥനയിലൂടെ കർത്താവിനോട് ചോദിച്ച് അത്ഭുതകരമായി കാര്യങ്ങൾ പ്രാപിക്കുവാൻ തുടങ്ങി. ഞാൻ പഠനം പൂർത്തിയാക്കി 2019ൽ ഇന്ത്യയിൽ മടങ്ങിയെത്തി.



**ഇത്രയേറെ പോരാട്ടങ്ങൾ നേരിട്ടതിനുശേഷവും നിങ്ങൾ പഠനം പൂർത്തിയാക്കി സ്വന്തം നാട്ടിലേക്ക് മടങ്ങിവന്നു... വിദേശത്ത് പോയി പൈലറ്റാകാൻ പഠിച്ച നിങ്ങൾക്ക് ഉടനെ നല്ല ജോലി ലഭിച്ചിരിക്കുമല്ലോ?**

(പുഞ്ചിരിയോടെ) ഇല്ല... ജോലിക്ക് പോകുന്നുവെങ്കിൽ പൈലറ്റ് ആയി മാത്രമേ പോകയുള്ളൂ എന്ന് വാശിയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മാസങ്ങളോളം എന്റെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചില്ല. ജോലിയില്ലാതിരുന്നപ്പോൾ ഞാൻ ധാരാളം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. എന്റെ അച്ഛൻ പെട്ടെന്ന് രോഗബാധിതനായി, 2019 ഓഗസ്റ്റിൽ മരണപ്പെട്ടു. അച്ഛൻ മരിച്ചതിനുശേഷം എന്തുചെയ്യണമെന്ന് എനിക്ക് അറിയില്ലായിരുന്നു. അന്ന് എന്റെ സഹോദരി വിവാഹിതയായിരുന്നില്ല. അതിന് എന്തുചെയ്യണം എന്ന് വളരെ ആശയക്കുഴപ്പത്തിലായിരുന്നു. പഠനം പൂർത്തിയാക്കിയശേഷവും ജോലി അന്വേഷിച്ചില്ല. അത്തരമൊരു സാഹചര്യത്തിൽ അച്ഛനില്ലാത്ത കുടുംബത്തെ മുന്നോട്ട് കൊണ്ടുപോകാൻ ഞാൻ നിർബന്ധിതനായി. കർത്താവ് എന്റെ പ്രാർത്ഥന കേട്ടു. 2022ൽ എന്റെ സഹോദരിയുടെ വിവാഹം നല്ല രീതിയിൽ നടത്തുവാൻ കർത്താവ് സഹായിച്ചു. ഇത് എന്റെ കഴിവല്ല, ഇതൊക്കെയും പ്രാർത്ഥനയിലൂടെ സാധ്യമായതാണ്!



ഈ സാഹചര്യത്തിൽ ഒരു ദിവസം ഞാൻ നാലുമാവടിയിൽ വന്ന് മോഹൻ അങ്കിളിനോടും, പനീർസെൽവം അങ്കിളിനോടും സംസാരിച്ചപ്പോൾ, പഠനം പൂർത്തിയാക്കിയ ശേഷം വീട്ടിൽ വെറുതെ ഇരിക്കരുത്, നിനക്ക് ലഭിക്കുന്ന ഏത് ജോലിയും ചെയ്യണം എന്ന് അവർ എന്നെ ഉപദേശിച്ചു.

അവർ രണ്ടുപേരും നൽകിയ ഉപദേശം കേട്ട് പ്രാർത്ഥിച്ചപ്പോൾ, എന്റെ ഉള്ളിൽ ഉണർവ് ഉണ്ടായി.

**പഠനം പൂർത്തിയാക്കിയ ശേഷം വീട്ടിൽ വെറുതെ ഇരിക്കരുത്, നിനക്ക് ലഭിക്കുന്ന ഏത് ജോലിയും ചെയ്യണം.**

അതിനുശേഷം എന്റെ പ്രാർത്ഥന വ്യത്യസ്തമായിരുന്നു. കർത്താവിന്റെ മാർഗനിർദ്ദേശപ്രകാരം, ചെന്നൈയിൽ ഞാൻ ആവശ്യപ്പെട്ട ഏവിയേഷൻ കോളേജിൽ 2 വർഷം അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്തു. ജോലി ചെയ്യുന്നതിന് മുമ്പ്, ഞാൻ നിരവധി പ്രോജക്ടുകൾ തയാറാക്കിയിരുന്നു. ആ പ്രോജക്ടുകൾ പല കമ്പനികൾക്കും സമർപ്പിച്ചപ്പോൾ, ഒരു സംഘം പുതിയ ബിസിനസ് ആരംഭിക്കാം എന്ന് എന്നെ ക്ഷണിച്ചു, **ARK 27 Aviation Academy** ആരംഭിച്ചു. (**ARK** - നോഹയുടെ പെട്ടകം)



## സൂപ്പർ... ARK 27 Aviation Academy എന്നാൽ എന്താണ്? ഈ ഏവിയേഷൻ ക്ലാസ് ഇപ്പോൾ എങ്ങനെ പോകുന്നു?

**Aviation Academy** എന്നാൽ, പൈലറ്റ് പരിശീലന അക്കാദമി. പൈലറ്റ് ആകാൻ താൽപര്യമുള്ള വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് **ARK 27 Aviation Academy** പ്രവർത്തിക്കുന്നത്. കാരണം ഞാൻ പഠിക്കുമ്പോൾ എനിക്ക് വഴികാട്ടുവാൻ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഞാൻ നിരവധി പ്രശ്നങ്ങൾ നേരിട്ടു. അടുത്ത തലമുറ ഈ പ്രശ്നമില്ലാതെ നയിക്കപ്പെടണം എന്നതാണ് എന്റെ ലക്ഷ്യം. ഒരു പൈലറ്റാകാൻ ഞാൻ ദൃഢനിശ്ചയത്തോടിരുന്നു. ഇപ്പോൾ ഒരു വിമാനം വാങ്ങാൻ പര്യാപ്തമായ ഒരു ഗ്രൂപ്പുമായി എന്നെ ബന്ധിപ്പിച്ചുകൊണ്ട് കർത്താവ് എന്നെ ഉയർത്തിയിരിക്കുന്നു.

## യൗവനക്കാരോട് എന്താണ് പറയാനുള്ളത്?

യൗവനക്കാരായ നിങ്ങൾ ഒരു തീരുമാനം എടുക്കുമ്പോൾ ആദ്യം കർത്താവിനെ മുന്നിൽ നിർത്തണം. യൗവനക്കാർ ഒരിക്കലും മടിയന്മാരാകരുത്. ഒരു പരാജയം നേരിട്ടാൽ അവിടെ നിന്നുപോകാതെ, അടുത്ത ഘട്ടത്തിലേക്ക് മുന്നേറണം. അതുകൂടാതെ, ധാരാളം ശ്രമങ്ങൾ നടത്തുമ്പോൾ കർത്താവ് തീർച്ചയായും നിങ്ങളെ ഉയർത്തും. എന്നാൽ അതുവരെ നിങ്ങൾ കർത്താവിന്റെ കരങ്ങളിൽ ആയിരിക്കണം. എപ്പോൾ നിങ്ങൾ കർത്താവിനെ അന്വേഷിക്കുന്നുവോ, അപ്പോൾ മാത്രമേ നിങ്ങൾക്ക് ദൈവഭയം ഉണ്ടാകുകയുള്ളൂ. യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു എന്ന വചനംഇന്നുവരെയും ഞാൻ പാലിച്ചുവരുന്നു. കർത്താവിന് ആദ്യസ്ഥാനം നൽകുമ്പോൾ നിങ്ങളുടെ വിദ്യാഭ്യാസത്തിലും, ജോലിയിലും കർത്താവ് നിങ്ങളെ ഉയർത്തും!





# വേഗത്തിൽ വരുന്നു!!

ലോകം സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് പാപത്തിൽ വീണുപോയ ജനങ്ങളെ വീണ്ടെടുക്കാൻ രക്ഷകനായി യേശു തന്റെ ആദ്യ വരവിൽ പ്രത്യക്ഷപ്പെട്ടു. ലോകരക്ഷകനായി പിതാവിനാൽ അയയ്ക്കപ്പെട്ട യേശുക്രിസ്തു നമുക്കെല്ലാവർക്കും വേണ്ടി ഏക യാഗമായി ക്രൂശിൽ സ്വയം സമർപ്പിക്കുകയും, രക്ഷ പൂർത്തിയാക്കുകയും ചെയ്തു. മരിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത യേശു, താൻ അരുളിച്ചെയ്തതുപോലെ ഒരു ന്യായാധിപതിയായി ഈ ഭൂമിയിലേക്ക് തിരിച്ചുവരാൻ പോകുന്നു. കർത്താവിന്റെ ന്യായവിധിയിൽ നിന്ന് ആർക്കും രക്ഷപ്പെടാൻ കഴിയില്ല. പഴയനിയമത്തിലും പുതിയനിയമത്തിലും പലയിടത്തും യേശുക്രിസ്തുവിന്റെ രണ്ടാം വരവ് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ 14:3) എന്ന് പറഞ്ഞിരിക്കുന്നു.



നാം ഒരിക്കൽ മരിക്കുകയും പിന്നീട് വിധിക്കപ്പെടുകയും ചെയ്യുമെന്നത് ദൈവത്തിന്റെ കല്പനയാണ്. യേശു ഭൂമിയെ വിധിക്കാൻ വരുമെന്ന് ഹാനോക്ക് മുതൽ പ്രവാചകന്മാർ വരെയും, പുതിയനിയമത്തിലെ അപ്പൊസ്തലന്മാരായ പൗലൊസും, പത്രൊസും, യോഹന്നാനും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. **"നോഹയുടെ കാലം പോലെതന്നെ മനുഷ്യപുത്രന്റെ വരവും ആകും"** (മത്തായി 24:37). നോഹയുടെ കാലത്ത് ജനങ്ങൾ തിന്നുകയും കുടിക്കുകയും അർത്ഥശൂന്യമായ രീതിയിൽ ജീവിതം നയിക്കുകയും ചെയ്തിരുന്നു. ഭൂമിയിൽ ന്യായവിധി ഉണ്ടാകുമെന്ന് പറഞ്ഞപ്പോൾ ആരും അത് ശ്രദ്ധിച്ചില്ല. എന്നാൽ ഒരു ദിവസം വെള്ളപ്പൊക്കം വന്ന് എല്ലാവരെയും തുടച്ചുനീക്കി. യേശുക്രിസ്തുവിന്റെ വരവും അങ്ങനെ തന്നെയായിരിക്കും. ഇന്ന് യേശുവിന്റെ വരവിനെക്കുറിച്ചുള്ള സന്ദേശം എത്ര പ്രസംഗിച്ചിട്ടും ജനങ്ങൾ അത് സ്വീകരിക്കാൻ തയാറല്ല. അതുകൊണ്ട്, നിങ്ങൾ ജാഗ്രത പാലിക്കുകയും, അനുതപിക്കുകയും യേശുവിന്റെ വരവിനായി ഒരുങ്ങുകയും വേണം.

ഇന്ന് നമ്മുടെ കൺമുന്നിൽ നടക്കുന്ന സംഭവങ്ങളും യുദ്ധങ്ങളെക്കുറിച്ചുള്ള വാർത്തകളും യേശുവിന്റെ വരവിനെ വ്യക്തമാക്കുന്നു. ലോത്തിന്റെ കാലത്തിലെ

സോദോമിന്റെയും ഗൊമോറയുടെയും പാപവും, അനീതിയും, അകൃത്യങ്ങളും ഇന്നും ലോകമെമ്പാടും വർദ്ധിച്ചുവരുന്നു. അന്നും കർത്താവിനെ ഭയപ്പെട്ട് വിശുദ്ധ ജീവിതം നയിച്ചവർ ചുരുക്കം ചിലർ മാത്രമായിരുന്നു. നിങ്ങളുടെ ചുറ്റുമുള്ള ജനങ്ങൾ ഏതുതരം പാപത്തിൽ കുടുങ്ങി കിടക്കുന്നവരായാലും, നിങ്ങൾ പാപം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുകയും യേശുവിന്റെ വരവിനായി ഒരുങ്ങുകയും ചെയ്യുവിൻ. "ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ" (മത്തായി 25:13) എന്ന് വേദപുസ്തകം മുന്നറിയിപ്പ് നൽകുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിൽ ക്രിസ്തുവിനെ അറിയാത്തവരും, അറിഞ്ഞിട്ടും അറിയാത്തവരായിരിക്കുന്നവരും ന്യായവിധി ദിവസത്തിൽ ദുഃഖിക്കേണ്ടിവരും. ഭയവും ഭീതിയും അവരെ പിടികൂടും. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും യേശുവിന്റെ വാക്കുകൾ അനുസരിച്ച്, കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നവരും കർത്താവിന്റെ ന്യായവിധി ദിവസത്തെ ഭയപ്പെടുകയില്ല. അവർ യേശുവിന്റെ വരവിനെ സന്തോഷത്തോടെ സ്വീകരിക്കും.



ഇന്ന് നാം കാണുന്ന ലോകം ഒരു ദിവസം തീയ്ക്കും ഗന്ധകത്തിനും ഏൽപ്പിക്കപ്പെടും. "ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു. കുഞ്ഞുങ്ങളേ, ഇത് അന്ത്യനാഴിക ആകുന്നു എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്നു നമുക്ക് അറിയാം" (1യോഹ. 2:17-18). അതുകൊണ്ട് സമയം തിരിച്ചറിഞ്ഞ് വിശുദ്ധജീവിതം നയിക്കാൻ നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. കാരണം യേശുവിന്റെ വരവിന് മുമ്പ് താൻ (യേശു) പറഞ്ഞ എല്ലാ പ്രവചനങ്ങളും വളരെ കൃത്യതയോടെ നിറവേറിക്കൊണ്ടിരിക്കുന്നു.

" ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ" എന്ന് ലൂക്കോസ് 21:36-ൽ യേശു പറയുന്നു. പ്രാർത്ഥനയില്ലാതെ നാം ജീവിക്കുകയാണെങ്കിൽ, കർത്താവ് വരുമ്പോൾ നാം കൈവിടപ്പെട്ടുപോകും. അതുകൊണ്ട് നാം ആത്മാവിൽ ഉണർന്നിരിക്കുകയും നമുക്ക് ചുറ്റും നടക്കുന്ന കാര്യങ്ങൾ പരിശോധിക്കുകയും തിരുവചനങ്ങളുമായി താരതമ്യം ചെയ്ത് പ്രാർത്ഥിക്കുകയും ചെയ്യുവിൻ. ഒരു ദിവസം 5 മിനിറ്റ് പോലും പ്രാർത്ഥിക്കാത്ത ക്രൈസ്തവരുണ്ട്. കർത്താവ് വരുമ്പോൾ കാഹളം മുഴങ്ങും! കർത്താവ് തന്റെ ദൂതന്മാരുമായി വരും. അപ്പോൾ ദൈവജനം എടുക്കപ്പെടും. പ്രാർത്ഥിക്കാത്തവർ ഉപേക്ഷിക്കപ്പെടും. കർത്താവിന്റെ വരവിൽ നിങ്ങൾ കാണപ്പെടണമെങ്കിൽ പാപത്തിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കണം. പ്രാർത്ഥിക്കാത്ത ക്രൈസ്തവർ ഉപേക്ഷിക്കപ്പെടും. നിങ്ങൾ ശുശ്രൂഷയ്ക്കായി എത്ര ലക്ഷം സ്തോത്രകാഴ്ച നൽകിയാലും പ്രാർത്ഥിക്കാതിരുന്നാൽ കർത്താവിന്റെ വരവിൽ നിങ്ങളെ കാണില്ല. വരവിന്റെ അടയാളങ്ങൾ തീവ്രമായി കാണപ്പെടും. യേശു വാതിൽപ്പടിയിൽ നിൽക്കുന്നു. ഇനി സമയം ദീർഘിക്കുകയില്ല. കർത്താവിന്റെ വരവിനായി ഒരുങ്ങുവിൻ.

**പ്രിയ യൗവനക്കാരെ! പാപപൂർണ്ണമായ ലോകത്തിൽ നിങ്ങൾ മുങ്ങിപ്പോകുമോ? വിശുദ്ധ ജീവിതം നഷ്ടപ്പെടുത്തുമോ? പ്രാർത്ഥന മറക്കുമോ? കർത്താവിൽ നിന്ന് അകന്നുപോകുമോ? നിങ്ങളുടെ നിത്യജീവൻ നഷ്ടപ്പെടുത്തുമോ? ഇല്ല, "ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്" (വെളി. 22:12) എന്ന് വാഗ്ദത്തം ചെയ്ത യേശുവിനെ എതിരേൽക്കാൻ നിങ്ങൾ ജാഗ്രതയോടെ, പ്രാർത്ഥനയോടെ വിശുദ്ധജീവിതം നയിക്കാൻ പോകുന്നുവോ? ഇന്ന് തന്നെ തീരുമാനിക്കുവിൻ. "വരുന്നു എന്നു പറഞ്ഞവൻ വേഗം വരും"!!**

# അത്ഭുതം സംഭവിക്കും! കയ്പ്പ് മധുരമായി മാറും!

ഒരിക്കൽ ഒരു സഹോദരി എന്റെ അടുക്കൽ, പ്രാർത്ഥിക്കുവാൻ വന്നു. എന്ത് വിഷയത്തിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് ചോദിച്ചപ്പോൾ, "കർത്താവ് എന്നെ എടുക്കുവാനായി പ്രാർത്ഥിക്കുവിൻ" എന്ന് കണ്ണുനീരോടെ പറഞ്ഞു. "എന്ത്" എന്ന് ഞെട്ടലോടെ ഞാൻ അവളോട് ചോദിച്ചപ്പോൾ, "എന്റെ പ്രശ്നങ്ങൾ എനിക്ക് സഹിക്കാൻ കഴിയുന്നില്ല! എനിക്ക് ജീവിക്കാൻ ആഗ്രഹമില്ല! മരിക്കുന്നതാണ് നല്ലത്!" എന്ന് അവൾ വളരെ ദുഃഖത്തോടെ പറഞ്ഞു.

ആ സഹോദരിയുടെ ഹൃദയം മുറിവേറ്റ്, തന്റെ ജീവിതത്തെക്കുറിച്ച് ഒരു കയ്പ്പ് അവളിൽ കടന്നുവന്നിരുന്നു. "നമ്മെ സൃഷ്ടിച്ച കർത്താവ്, നമ്മുടെ ജീവൻ എടുക്കുന്നവനല്ല! നമ്മുടെ ജീവിതത്തിൽ കാണപ്പെടുന്ന കയ്പ്പുകൾ മധുരമാക്കി മാറ്റുന്നവനാണ്" എന്ന് പറഞ്ഞ് ആശ്വസിപ്പിച്ച് പ്രാർത്ഥിച്ചയച്ചു.

ഇന്ന് നിങ്ങളും, "ജീവിതം കയ്പ്പേറിയതായിരിക്കുന്നു, ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലത്" എന്ന് ചിന്തിച്ച് കലങ്ങിയിരിക്കുന്നുവോ? "എന്തുകൊണ്ടാണ് എനിക്ക് മാത്രം ഇങ്ങനെ നടക്കുന്നത്, ഞാൻ എന്തിന് ജീവിക്കണം "എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഉയരുന്നുവോ? കലങ്ങാതിരിക്കുവിൻ, നിങ്ങൾക്ക് ഒരു അത്ഭുതം സംഭവിക്കും! നിങ്ങളുടെ കയ്പ്പ് മധുരമാകും! കയ്പായിരിക്കുന്ന നിങ്ങളുടെ ജീവിതം മധുരമായി മാറും!

" എങ്ങനെ മാറും" എന്ന് ചിന്തിക്കുന്നുവോ? ഇത്രയും കാലം മാറിയില്ല, ഇനി മാറുമോ?" എന്ന് സംശയിക്കുന്നുവോ? "ഞാൻ അവനെ അത്ഭുതങ്ങൾ കാണിക്കും" (മീഖാ 7:15) എന്ന കർത്താവ് നിങ്ങൾക്ക് നൽകിയ വചനം ഓർത്തുകൊൾവിൻ. നിങ്ങളുടെ പ്രശ്നം എന്തുതന്നെയായാലും, അത് മാറ്റുവാനും, നിങ്ങളെ വിടുവിക്കുവാനും, നയിക്കുവാനും, തടസ്സങ്ങൾ മാറ്റുവാനും , നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാനും കർത്താവ് അത്ഭുതം പ്രവർത്തിക്കും!

ഇസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്ന് പുറത്തുകൊണ്ടുവന്നപ്പോൾ അവരുടെ മദ്ധ്യത്തിൽ അത്ഭുതം പ്രവർത്തിച്ച കർത്താവ്, നിങ്ങൾക്കും അത്ഭുതങ്ങൾ ചെയ്യും!

## കയ്പ്പ്



"അവർ (ഇസ്രായേൽ ജനങ്ങൾ) മൂന്നു ദിവസം മരുഭൂമിയിൽ വെള്ളം കിട്ടാതെ സഞ്ചരിച്ചു. മാറായിൽ എത്തിയാറെ, മാറായിലെ വെള്ളം കുടിപ്പാൻ അവർക്കു കഴിഞ്ഞില്ല; അതുകൊണ്ട് അതിനു മാറാ എന്നു പേരിട്ടു. മോശെ യഹോവയോട് അപേക്ഷിച്ചു; യഹോവ അവന് ഒരു വൃക്ഷം കാണിച്ചുകൊടുത്തു. അവൻ അതു വെള്ളത്തിൽ ഇട്ടപ്പോൾ വെള്ളം മധുരമായിത്തീർന്നു" (പുറ. 15:22-25).

ദൈവജനം ചെങ്കടൽ കടന്നു, മൂന്ന് ദിവസം ഏകദേശം 30 ലക്ഷം ജനങ്ങൾ മരുഭൂമിയിൽ വെള്ളമില്ലാതെ ദാഹിച്ചു നടന്നു. ഇതിൽ കൊച്ചു കുഞ്ഞുങ്ങളും, യൗവനക്കാരും, മുതിർന്നവരും ഉണ്ടായിരുന്നു. ദാഹിച്ചു നടക്കുക എന്നത് എത്രമാത്രം വേദനാജനകമാണ്. മനസ്സും, ശരീരവും തളർന്നുപോകും. "അമ്മേ ദാഹം ശമിപ്പിക്കുവാൻ എനിക്ക് അല്പം വെള്ളം വേണം" എന്ന് കൊച്ചു കുഞ്ഞുങ്ങൾ ചോദിക്കുമ്പോഴെല്ലാം, മാതാപിതാക്കൾ എത്രമാത്രം വേദനിച്ചിട്ടുണ്ടാകും! വേദനയും ദാഹവും സഹിച്ച് മൂന്ന് ദിവസം നടന്ന് അവർ 'മാറ' എന്ന സ്ഥലത്ത് എത്തി, അവിടെ അവർ



ഒരു നീരുറവ കണ്ടെത്തി! വെള്ളം കണ്ടപ്പോൾ അവർ വളരെ സന്തോഷിച്ചിട്ടുണ്ടാകും!

മൂന്ന് ദിവസത്തെ കഷ്ടപ്പാട് അവസാനിച്ചു! കർത്താവ് നമുക്ക് വെള്ളം തന്നിരിക്കുന്നു എന്നു പറഞ്ഞ്, വളരെ സന്തോഷിച്ചിരിക്കും. പക്ഷേ ആകാംക്ഷയോടെ പോയി വെള്ളം എടുത്ത് കുടിച്ചപ്പോൾ ആ വെള്ളം കയ്പായിരുന്നു! അവർക്ക് ആ വെള്ളം കുടിക്കാൻ കഴിഞ്ഞില്ല. കയ്പ്! അത് ദാഹം ശമിപ്പിക്കുന്ന വെള്ളമായിരുന്നില്ല. എന്തൊരു നിരാശ! വെള്ളം ദാഹം ശമിപ്പിക്കുമെന്ന് പ്രതീക്ഷിച്ചപ്പോൾ, കയ്പുള്ള വെള്ളം! നന്മ പ്രതീക്ഷിച്ചപ്പോൾ തിന്മ ലഭിച്ചു!

നമ്മുടെ ജീവിതത്തിൽ നാം നേരിടുന്ന നിരാശകൾ, നമുക്ക് കയ്പ്പ് നൽകുന്നു! "എന്റെ ജീവിതം ഞാൻ പ്രതീക്ഷിച്ചതുപോലെയല്ല, എന്റെ ജോലി ഞാൻ പ്രതീക്ഷിച്ചതുപോലെയല്ല, ഞാൻ എന്തോ പ്രതീക്ഷിച്ചിരുന്നു, എനിക്ക് എന്തോ സംഭവിച്ചു" എന്ന നിരാശ...!

നിരാശ, ജീവിതത്തോട് വെറുപ്പ് ഉണ്ടാക്കുന്നു. ഇതുനിമിത്തം ചിലർ തെറ്റായ തീരുമാനമെടുത്ത് ആത്മഹത്യ ചെയ്യുന്നു. അതൊരു മണ്ടത്തരമായ തീരുമാനമാണ്! ആത്മഹത്യ പ്രശ്നം അവസാനിപ്പിക്കുന്നില്ല. ആത്മഹത്യ ചെയ്യുന്നവർ നരകത്തിലേക്കാണ് പോകുന്നത്! അതുകൊണ്ടാണ് സാത്താൻ ആത്മഹത്യ ചെയ്യാൻ പ്രലോഭനം ഉണ്ടാക്കുന്നത്. കയ്പേറിയ സാഹചര്യം മാറ്റാൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന കർത്താവുണ്ട്. കുടിക്കാൻ കഴിയാതെ കയ്പായിരുന്ന വെള്ളം മധുരമാക്കി മാറ്റി കർത്താവ് ഒരു വലിയ അത്ഭുതം പ്രവർത്തിച്ചു. ഇന്ന് നിങ്ങൾക്കും കർത്താവ് അതേ അത്ഭുതം ചെയ്യും!

കോളേജിൽ പഠിച്ചുകൊണ്ടിരുന്ന സമയം ഒരു യൗവനക്കാരൻ, പഠനത്തിലും ഭവനത്തിലും ഉണ്ടായ പ്രശ്നങ്ങളാൽ വളരെയധികം വേദനിച്ചു. അവന്റെ ജീവിതം കയ്പേറിയതായി. "ജീവിതം വ്യർത്ഥമാണ്! ജീവിതം മണ്ടത്തരമാണ്!" എന്ന് തന്റെ എല്ലാ ബുക്കുകളിലും എഴുതിവച്ചിരുന്നു. തന്റെ മുറിയുടെ ചുമരുകളിലും ഇതുപോലെ എഴുതി വച്ചിരുന്നു. അയാൾക്ക് ജീവിക്കാൻ ഇഷ്ടമല്ലായിരുന്നു. 'മരിച്ചാൽ നന്നായിരുന്നു' എന്ന് അയാൾ ചിന്തിച്ചു.

ഒരു ദിവസം വൈകുന്നേരം, "ഇന്ന് രാത്രി ആത്മഹത്യ ചെയ്യണം" എന്ന് തീരുമാനിച്ചു. ആ സമയത്ത്, അവന്റെ കൂടെ പഠിച്ചിരുന്ന രണ്ട് സ്നേഹിതർ അവനെ കാണാൻ വന്നു. "ഞങ്ങൾ പ്രാർത്ഥിക്കാൻ പോകുന്നു, നീ ഞങ്ങളോടുകൂടെ വരുന്നോ?" എന്ന് അവർ അവനോട് ചോദിച്ചു. "ഞാൻ ഒരു ക്രിസ്ത്യാനിയല്ല, പിന്നെ എന്തിനാണ് അവർ എന്നെ പ്രാർത്ഥിക്കാൻ വിളിക്കുന്നത്?" എന്ന് അയാൾ ചിന്തിച്ചു. "ശരി, അവസാനമായി ഇവർ എങ്ങനെയാണ് പ്രാർത്ഥിക്കുന്നത്, എന്ന് കണ്ടതിനുശേഷം മരിക്കാം!" എന്ന് ചിന്തിച്ച് അവരോടൊപ്പം പോയി.

അവർ ഒരു ക്രിസ്ത്യൻ പള്ളിയിൽ പോകും എന്ന് അയാൾ ചിന്തിച്ചു. പക്ഷേ അവർ അടുത്തുള്ള ഒരു മലയടിവാരത്തിലേക്ക് പോയി. അവിടെ അവർ ഒരു പാറയിൽ മുട്ടുകുത്തി. അവിടെ ഒരു കുരിശ് പോലുമില്ല. ക്രൈസ്തവരുടേതായ ഒരു അടയാളവും ഇല്ലായിരുന്നു. അവിടെ എങ്ങനെ ദൈവത്തെ ആരാധിക്കാൻ കഴിയും എന്ന് ചിന്തിച്ചു. എന്നിരുന്നാലും അവൻ അവരുടെ അടുത്തിരുന്ന് അവർ പ്രാർത്ഥിക്കുന്നത് ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവർ യേശുവിനെ "അപ്പാ..." എന്ന് വിളിച്ച്, ഒരു കുഞ്ഞ് തന്റെ പിതാവിനോട് സംസാരിക്കുന്നതുപോലെ യേശുവിനോട് സംസാരിച്ചു. ദൈവത്തെ "അപ്പാ" എന്ന് അവർക്ക് എങ്ങനെ വിളിക്കാൻ കഴിയും? നമുക്ക് യേശുവിനോട് സംസാരിക്കാൻ കഴിയുമോ? എന്ന് അയാൾ അത്ഭുതത്തോടെ അവരെ നോക്കികൊണ്ടിരുന്നപ്പോൾ, യേശുക്രിസ്തു അയാളെ സന്ദർശിച്ചു. അറിയാതെ അവൻ മുട്ടുകുത്തി യേശുക്രിസ്തുവിനോട് സംസാരിക്കാൻ തുടങ്ങി. കണ്ണുനീരോടെ അവൻ തന്റെ ജീവിതത്തിലെ കയ്പ് യേശുവിനോട് പറഞ്ഞു. യേശുക്രിസ്തു അവനെ സ്പർശിച്ചു. അവന്റെ ഹൃദയത്തിലെ എല്ലാ കയ്പും മാറി, ഒരു സന്തോഷം, ഒരു ആശ്വാസം, ഒരു പ്രത്യാശ അവന്റെ ഹൃദയത്തിൽ നിറഞ്ഞു. ജീവിതത്തിലെ കയ്പ് മധുരമായി! തുടർന്ന് അദ്ദേഹം ഒരു ശുശ്രൂഷകനായി, അനേകരോട് യേശുവിന്റെ സ്നേഹത്തെ പ്രസംഗിച്ചു. യേശു നിങ്ങളുടെ

ജീവിതത്തിലെ കയ്പ്പും മധുരമാക്കി മാറ്റും! യേശു നിങ്ങൾക്ക് അത്ഭുതം ചെയ്യും!

ശരി.... ഈ അത്ഭുതങ്ങൾ പ്രാപിക്കുന്നത് എങ്ങനെയാണ്?

### വൃക്ഷത്തിലേക്ക് നോക്കുവിൻ!

മാറായിലെ വെള്ളം കയ്പ്പുള്ളതായതിനാൽ മോശെ യഹോവയെ നോക്കി യഹോവ മോശെയ്ക്ക് ഒരു വൃക്ഷം കാണിച്ചുകൊടുത്തു. അവൻ അത് വെള്ളത്തിൽ ഇട്ടപ്പോൾ വെള്ളം മധുരമായിത്തീർന്നു (പുറ, 15:25). ആ വൃക്ഷത്തിന് കയ്പ്പിനെ മധുരമാക്കി മാറ്റാനുള്ള ശക്തിയുണ്ടായിരുന്നു. ആ വൃക്ഷം കയ്പ്പുള്ള വെള്ളത്തിനടുത്തായിരുന്നു.

മോശെ ആ വൃക്ഷത്തിലേക്ക് നോക്കി! അതിനെ വെട്ടി വെള്ളത്തിൽ ഇട്ടു! അത്ഭുതം സംഭവിച്ചു! നിങ്ങളുടെ ജീവിതത്തിലെ കയ്പ് മാറ്റാൻ കഴിയുന്ന വൃക്ഷം നിങ്ങളുടെ അടുത്ത് തന്നെ ഉണ്ട്. ആ വൃക്ഷത്തിലേക്ക് നോക്കുവിൻ, നിങ്ങളുടെ കയ്പ് മാറും! അതാണ് യേശുക്രിസ്തു രക്തം ചൊരിഞ്ഞ് മരിച്ച കുരിശ് മരം. യേശുക്രിസ്തുവിന്റെ ക്രൂശിലേക്ക് നോക്കുവിൻ, നിങ്ങളുടെ കയ്പ് മധുരമായി മാറും!

### ഇത് വായിക്കുന്ന പ്രിയപ്പെട്ട യൗവനക്കാർക്ക്...!

നിങ്ങളുടെ ജീവിതത്തിൽ കയ്പേറിയ അനുഭവങ്ങൾ വരുമ്പോൾ, നിങ്ങളും യേശുക്രിസ്തുവിന്റെ ക്രൂശിലേക്ക് നോക്കുവിൻ. നിങ്ങളുടെ കയ്പ് മധുരമായി മാറും! നിങ്ങളുടെ ജീവിതത്തിലെ കയ്പ് മാറ്റാൻ കർത്താവായ യേശുക്രിസ്തു നിങ്ങൾക്കായി ക്രൂശിൽ കയ്പ് രുചിച്ചു. ഇന്ന് നിങ്ങളുടെ ജീവിതം കയ്പേറിയതാണോ? "എന്തിന് ഇങ്ങനെ



ജീവിക്കണം" ഇങ്ങനെ ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലത് എന്ന് ചിന്തിക്കുന്നുവോ? ക്രൂശിലേക്ക് നോക്കുവിൻ!

അവിടെ നിങ്ങൾക്കുള്ള മറുപടിയുണ്ട്! ക്രൂശിൽ യാഗമായ യേശുക്രിസ്തുവിനെ നോക്കുവിൻ! യേശു നിങ്ങളുടെ കയ്പ് മധുരമാക്കിമാറ്റും! നിങ്ങളുടെ പ്രശ്നങ്ങൾ യേശുവിനോട് പറയുവിൻ!

നിങ്ങൾ ഹൃദയം തുറന്ന് യേശുവിനോട് സംസാരിക്കുവിൻ. നിങ്ങളുടെ വേദനകൾ യേശുവിന് മാത്രമേ മനസ്സിലാക്കാൻ കഴിയൂ. യേശുവിന് മാത്രമേ നിങ്ങളുടെ ദുഃഖം മാറ്റുവാൻ കഴിയൂ!


## ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
| --- | --- | --- |
| യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം<br>KVR - 247, മുളവന ജംഗ്ഷൻ,<br>തേക്കുംമൂട്, കണ്ണമ്മൂല റോഡ്,<br>തിരുവനന്തപുരം - 695035<br>Office Time 9:30 A.M. - 5:30 P.M.<br>Ph: 92497 18266, 0471-233 1392. | Chandrasseri House,<br>Madaplathuroth,<br>Moothakunnam - 683 516,<br>Kochi,<br>Kerala State. | 2nd Floor,<br>Aswathy Tower,<br>Thekkumgopuram - 686 001,<br>Kottayam, Kerala State.<br>Office Time 10:00 A.M. - 6:00 P.M.<br>Mob: 94967 44001, 99463 00001. |



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.




# ശിശുദിനം

## നവംബർ 14,2025



**നവംബർ മാസമാകുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം വരുന്നത് ശിശുദിനമാണ്. ലോകത്തിലെ നിരവധി പ്രത്യേക ദിവസങ്ങളിൽ, ശിശുദിനം വളരെ പ്രധാനമാണ്. കുഞ്ഞുങ്ങളുടെ സന്തോഷത്തിനായി ആഘോഷിക്കുന്ന ഈ ദിനത്തെക്കുറിച്ചുള്ള രസകരമായ വസ്തുതകൾ നോക്കാം.**

**കുഞ്ഞുങ്ങൾ എപ്പോഴും ശുദ്ധമനസ്സുള്ളവരും നിഷ്കളങ്ക ഹൃദയമുള്ളവരുമാണ്. 1889 നവംബർ 14ന് അലഹബാദിൽ ജനിച്ച ജവഹർ ലാൽ നെഹ്റുവിന്റെ ജന്മദിനമാണ് ലോകമെമ്പാടും ശിശുദിനമായി ആഘോഷിക്കുന്നത്.**

പ്രധാനമന്ത്രിയായിരുന്ന കാലത്ത്, കുഞ്ഞുങ്ങളുടെയും യൗവനക്കാരുടെയും വിദ്യാഭ്യാസത്തിനും വികസനത്തിനുമായി നെഹ്റു നിരവധി സുപ്രധാന പദ്ധതികൾ നടപ്പിലാക്കി. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ എത്ര തിരക്കിലാണെങ്കിലും കുഞ്ഞുങ്ങൾക്കായി അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. കുഞ്ഞുങ്ങൾക്ക് ശരിയായ വിദ്യാഭ്യാസം നൽകണം, അതാണ് അവരുടെ വളർച്ചയ്ക്കുള്ള വിത്ത് എന്ന് അദ്ദേഹം കരുതിയിരുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ കുഞ്ഞുങ്ങളുള്ള രാജ്യങ്ങളിൽ ഇന്ത്യയ്ക്ക് ഒരു പ്രമുഖ സ്ഥാനമുണ്ട്. നെഹ്റുവിന് കുഞ്ഞുങ്ങളോടുള്ള സ്നേഹവും കുഞ്ഞുങ്ങൾക്ക് നെഹ്റുവിനോടുള്ള സ്നേഹവും അതിരറ്റ വാത്സല്യവും കാരണം അദ്ദേഹത്തിന്റെ ജന്മദിനം ഇന്ന് ശിശുദിനമായി ആഘോഷിക്കുന്നു.

മാതാപിതാക്കളേ, കുഞ്ഞുങ്ങളുമായി ഇടപഴകുമ്പോൾ അവരെപ്പോലെ കുഞ്ഞുങ്ങളായി മാറിയാൽമാത്രമേ അവരെ നമുക്ക് നാളത്തെ വിജയികളാക്കുവാൻ കഴിയൂ. കുഞ്ഞുങ്ങളാണ് രാജ്യത്തിന്റെപുരോഗതിയുടെ അടിത്തറ. കുട്ടിക്കാലത്ത് പഠിക്കുന്ന ശീലങ്ങളും അറിവുകളും ഭാവിയിൽ അവരുടെ ജീവിതത്തിലും സമൂഹത്തിലും പ്രതിഫലിക്കും.

അതുകൊണ്ട്, ചെറുപ്പം മുതൽ കുഞ്ഞുങ്ങളിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കുകയും, അവരെ നല്ല സ്നേഹിതരുമായി ഇടപഴകാൻ അനുവദിക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്. അപ്പോൾ മാത്രമേ അവരിൽ സഹോദര്യവും സഹായിക്കാനുള്ള മനോഭാവവും വളരുകയുള്ളൂ.

ഓരോ കുട്ടിക്കും വ്യത്യസ്തമായ സ്വപ്നങ്ങളുണ്ട്. മാതാപിതാക്കൾ അത് മനസ്സിലാക്കി സാക്ഷാത്കരിക്കാൻ ശ്രമിക്കണം. കുഞ്ഞുങ്ങൾ വളരുമ്പോൾ മാതാപിതാക്കളും അദ്ധ്യാപകരും സ്വന്തം പോരായ്മകൾ മാറ്റി വച്ച്, കുഞ്ഞുങ്ങളുടെ താൽപര്യങ്ങൾ, അനുഭവങ്ങൾ, ആഗ്രഹങ്ങൾ,മനോഭാവങ്ങൾ, മാനസികാവസ്ഥകൾ എന്നിവയിൽ ശ്രദ്ധ ചെലുത്തുമ്പോൾ അത് അവരുടെ ഭാവിയിൽ ഒരു വലിയ നിക്ഷേപമായി മാറും.

കുഞ്ഞുങ്ങളാണ് നാളത്തെ സമൂഹത്തിന്റെ തൂണുകൾ. ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളത്തെ പൗരന്മാർ എന്ന് പറയുന്നതുപോലെ, അവരുടെ വികസനമാണ് രാജ്യത്തിന്റെ വികസനം.

**അതുകൊണ്ട് 2025 നവംബർ 14 ന് നാം ആഘോഷിക്കുന്ന ശിശുദിനത്തിൽ, ഓരോ കുട്ടിയുടെയും സ്വപ്നങ്ങളും കഴിവുകളും നമുക്ക് ബഹുമാനിക്കാം. അവർക്ക് സ്നേഹവും പ്രോത്സാഹനവും നൽകി സന്തുഷ്ടരും പ്രയോജനമുള്ളവരുമായി വളരാൻ സഹായിക്കാം.**

# സ്ത്രീധനത്തിന്റെ അപകടങ്ങൾ!

Heart Beat







എനിക്ക് 30 വയസ്സായി, ഞാൻ ജനിച്ചതും വളർന്നതും ഒരു ക്രൈസ്തവ കുടുംബത്തിലാണ്. എനിക്ക് 26 വയസ്സ് ആയതുമുതൽ വധുവിനെ അന്വേഷിക്കുകയാണ്.

എന്റെ മാതാപിതാക്കൾ ബിസിനസ്സ് ചെയ്യുന്നു. ഞങ്ങൾക്ക് ധാരാളം സമ്പത്ത് ഉള്ളതിനാൽ, ഞങ്ങളുടെ statusന് അനുയോജ്യമായ പെൺകുട്ടികളെ നോക്കുന്നു. എന്നാൽ ഞാൻ ഒരു യുവജന യോഗത്തിൽ പോയപ്പോൾ, ക്രൈസ്തവർ സ്ത്രീധനം വാങ്ങാൻ പാടില്ല, പണത്തിനും, സൗന്ദര്യത്തിനും, ആഡംബരത്തിനും പകരം, രക്ഷയുടെ അനുഭവമുള്ള, പ്രാർത്ഥന അനുഭവമുള്ള ഒരു പെൺകുട്ടി വേണം എന്ന് പ്രാർത്ഥിക്കുവിൻ എന്ന് പറഞ്ഞ വാക്കുകൾ എന്റെ ഹൃദയത്തിന്റെ ആഴത്തിൽ പതിഞ്ഞു. അവിടെ വച്ച് ഞാൻ ഒരു തീരുമാനമെടുത്തു. സ്ത്രീധനം വാങ്ങാതെ വിവാഹം കഴിക്കണം, രക്ഷ പ്രാപിച്ച, പ്രാർത്ഥിക്കുന്ന, സദ്ഗുണസമ്പന്നയായ ഒരു സ്ത്രീയാണ് യഥാർത്ഥ അനുഗ്രഹവും നിധിയുമെന്നും, അവൾക്ക് മാത്രമാണ് ദൈവത്തിന്റെ ഉപദേശം പ്രാപിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്ന രീതിയിൽ കുടുംബം നയിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് ഞാൻ എന്റെ മാതാപിതാക്കളോട് പറഞ്ഞു. സ്ത്രീധനം വാങ്ങിയില്ലെങ്കിൽ, ആൺകുട്ടിക്ക് എന്തോ കുഴപ്പമുണ്ടെന്ന് പറയും, നമ്മുടെ statusന് സ്ത്രീധനം വാങ്ങുന്നത് തെറ്റല്ല എന്ന് ഉറപ്പിച്ച് പറഞ്ഞു. എന്റെ മാതാപിതാക്കൾ എന്നെ മനസ്സിലാക്കാത്തതിലും, പണം, status, ആഡംബരം എന്നിവയെക്കുറിച്ച് അവർ അനുദിനം ചിന്തിക്കുന്നതിലും എനിക്ക് വളരെ വേദനയുണ്ട്. എന്തുചെയ്യണമെന്ന് എനിക്കറിയില്ല. എന്റെ വിവാഹവും തടസ്സപ്പെട്ടുകൊണ്ടിരിക്കുന്നു.

- റിച്ചാർഡ്, ഹൊസൂർ.

പ്രിയ സഹോദരാ, നിങ്ങളുടെ ദുഃഖവും, എടുത്ത തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ കഴിയാത്തതിന്റെ വേദനയും ഞാൻ മനസ്സിലാക്കുന്നു. റിച്ചാർഡ്, നിങ്ങൾ എടുത്ത അനുയോജ്യമായ തീരുമാനത്തിന് ഞാൻ കർത്താവിനെ സ്തുതിക്കുന്നു.

വിവാഹകാര്യത്തിൽ മനുഷ്യൻ പ്രതീക്ഷിക്കുന്നതും ദൈവം പ്രതീക്ഷിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് തന്റെ ഇഷ്ടം നിറവേറ്റി, കർത്താവ് ആഗ്രഹിക്കുന്ന യേശുവിന്റെ കുടുംബമായി സാക്ഷികളായി ജീവിച്ച്, അനേകർക്ക് അനുഗ്രഹമായിരിക്കണം എന്നതാണ് കർത്താവിന്റെ ഉദ്ദേശ്യം. ദൈവഹിതം പൂർണ്ണമായും ചെയ്യുന്ന ദൈവഭക്തിയുള്ള സന്തതികളുടെ സൃഷ്ടിക്ക് അവർ ഘടകമാകണമെന്നാണ് ദൈവം പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി നിറവേറ്റുന്നതിന്, രക്ഷ പ്രാപിച്ച വധുവും വരനും ഒരുമിച്ച് പ്രാർത്ഥിക്കുകയും യേശുവിന്റെ സഹായത്തോടെ സന്തോഷകരമായ ദാമ്പത്യജീവിതം നയിക്കുകയും വേണം.



എന്നാൽ നമ്മുടെ സമൂഹം പലപ്പോഴും തെറ്റായ കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. നല്ല ജോലി, നല്ല ശമ്പളം, സമ്പന്ന കുടുംബം, സൗന്ദര്യമുള്ളവരായിരിക്കണം, ധാരാളം ആഭരണം നൽകണം എന്ന് പ്രതീക്ഷിക്കുന്നു. ഇതൊക്കെ ആവശ്യമാണ്. എന്നാൽ ഒരു കുടുംബം പണിയപ്പെടുവാൻ ആവശ്യമായ കാര്യങ്ങൾ മറന്നുകൊണ്ട്, മറ്റുചില കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതുകൊണ്ട്, പല വിവാഹങ്ങളും വിവാഹമോചനം, വേർപിരിയൽ, പൊലീസ്, കോടതി, ദുരഭിമാനകൊലകൾ, സ്ത്രീധന പീഡനം എന്നിവയാൽ അവസാനിക്കുന്നു.

ഇന്ന് പത്രങ്ങളിലും ടെലിവിഷൻ വാർത്തകളിലും വിവാഹങ്ങളുടെ ദുരന്തങ്ങൾ എല്ലാ ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നു. സ്ത്രീധനം എന്ന ക്രൂരത, എളിയ, ഇടത്തരം കുടുംബങ്ങളിൽ മാത്രമല്ല, സമ്പന്നരുടെ കുടുംബങ്ങളിലും ധാരാളം പെൺകുട്ടികളുടെ ജീവൻ അപഹരിക്കുന്നു.

സ്ത്രീധനം ചോദിക്കാറില്ല, വധുവിന്റെ മാതാപിതാക്കൾ അത് മകൾക്ക് കൊടുക്കുന്നു, കൊടുക്കുന്നത് അവർക്ക് ഒരു ബഹുമതിയാണെന്നും, അത് വാങ്ങാതിരുന്നാൽ ഞങ്ങൾക്ക് നാണക്കേടാണെന്നുമുള്ള തെറ്റിദ്ധാരണയിലാണ് സമൂഹം ജീവിക്കുന്നത്. സ്വജനപക്ഷപാതം, ജാതി ഉന്മൂലനം, തൊട്ടുകൂടായ്മ തുടങ്ങിയവയ്ക്കൊപ്പം സ്ത്രീധനം എന്ന ഈ പാപം എപ്പോൾ നമ്മെ വിട്ടുപോകുമെന്നോ എപ്പോൾ അവസാനിക്കുമെന്നോ നമുക്കറിയില്ല. റിച്ചാർഡ്, നിങ്ങളെപ്പോലുള്ളവർ എടുക്കുന്ന ഉറച്ച തീരുമാനം പലർക്കും ഒരു പുതിയ തുടക്കമാണെന്ന് ഞാൻ കരുതുന്നു.

## നിങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിന്നാൽ എന്ത് ഗുണം ലഭിക്കും:

► ഒരുപക്ഷേ നിങ്ങളുടെ കുടുംബവും ബന്ധുക്കളും നിങ്ങളെ വിമർശിക്കുകയും വെറുക്കുകയും ചെയ്തേക്കാം. എന്നാൽ നിങ്ങളുടെ ഉന്നതമായ ഉദ്ദേശ്യങ്ങൾ കണ്ടതിനുശേഷം അവർ അത് മനസ്സിലാക്കുവാനും മാനസാന്തരപ്പെടുവാനും സാധ്യതയുണ്ട്.

► നിങ്ങളെ കാണുമ്പോൾ, ധാരാളം യൗവനക്കാർക്ക് ഇതുപോലുള്ള ഉറച്ച തീരുമാനം എടുക്കാൻ പ്രചോദനം ലഭിക്കും. ഇത് സമൂഹത്തിൽ നിന്ന് പുറത്തുകടക്കാനും സ്ത്രീധനമെന്ന ഈ വിപത്തിന് ശാശ്വതമായ അന്ത്യം കുറിക്കുവാനും നമ്മെ സഹായിക്കും.

► ഇത് അറിയുന്ന ക്രൈസ്തവ സമൂഹത്തിന്, ഈ പാപ പ്രവൃത്തിയിൽ നിന്ന് സ്വയം പിന്മാറുവാനുള്ള അവസരം ലഭിക്കുന്നു.

► ദരിദ്ര കുടുംബങ്ങൾ മുതൽ സമ്പന്ന കുടുംബങ്ങൾ വരെ നിരവധി യുവതികൾ ഈ പകർച്ചവ്യാധിയുടെ പിടിയിലായിട്ടുണ്ട്. കൂടാതെ നിരവധി യുവതികൾ ചെറുപ്രായത്തിൽ തന്നെ മരണപ്പെടുന്ന അവസ്ഥ മാറി, അവരുടെ ജീവിതം ശോഭിക്കുവാൻ അവസരമുണ്ട്.

► നിങ്ങളെപ്പോലെ മാനസാന്തരപ്പെടുന്ന യൗവനക്കാരിലൂടെ, കർത്താവ് ആഗ്രഹിക്കുന്ന വിവാഹങ്ങൾ നടക്കും. ഭൂമിയിലുള്ളവർ മാത്രമല്ല, സ്വർഗത്തിലും സന്തോഷമുണ്ടാകും എന്നതിൽ സംശയമില്ല.

## ഒരുപക്ഷേ സ്ത്രീധനം ആഗ്രഹിച്ച് മാതാപിതാക്കളോട് ചേർന്ന് തെറ്റ് ചെയ്താൽ...

► എടുത്ത തീരുമാനത്തിൽ ഉറച്ചു നിൽക്കാൻ കഴിഞ്ഞില്ലല്ലോ എന്ന വേദനയും, ദൈവഹിതത്തിനെതിരെ പ്രവർത്തിച്ചതിന്റെ കുറ്റബോധവും സഹിച്ചുകൊണ്ട് നിങ്ങൾ ജീവിക്കണം.

► യേശു ആഗ്രഹിക്കുന്ന ഒരു ജീവിതപങ്കാളിയ്ക്കു പകരം പാപ ലോകത്തെയും, പണത്തെയും, പാപത്തിന്റെ നിത്യ സുഖങ്ങളെയും സ്നേഹിക്കുന്ന ഒരു ജീവിതപങ്കാളിയെ ലഭിച്ചേക്കാം. ഇത് കുടുംബത്തിൽ അനാവശ്യമായ പ്രശ്നങ്ങളും ആശയക്കുഴപ്പവും ഉണ്ടാക്കും.

► ദൈവഹിതം ചെയ്യുന്ന ഒരു കുടുംബമായിരിക്കുന്നതിനുപകരം, ലോകത്തിന് പ്രാധാന്യം നൽകി, എല്ലാം സ്വയമായി ചെയ്യുമ്പോൾ നമുക്ക് നിരവധി ബുദ്ധിമുട്ടുകളും കഷ്ടപാടുകളും നേരിടാൻ സാധ്യതയുണ്ട്.

**"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2) എന്ന വചനപ്രകാരം ലോകത്തിന് പിന്നാലെ പോകാതെ ദൈവഹിതം മനസ്സിലാക്കി, ചിന്തിച്ച് പ്രവർത്തിക്കുവിൻ. നിങ്ങളുടെ തീരുമാനം വളരെ പ്രധാനമാണ്. നിങ്ങൾ ലോകത്തിന് അനുരൂപമാകുവാൻ പോകുകയാണോ? അതോ അതിനെതിരെ പ്രവർത്തിക്കുവാൻ പോകുന്നുവോ? തീരുമാനം നിങ്ങളുടെ കൈകളിലാണ്!!! കർത്താവ് നിങ്ങളോടുകൂടെ ഇരുന്ന് മഹത്തായ കാര്യങ്ങൾ ചെയ്യുമാറാകട്ടെ!!**



# ഞാൻ ഒരു പ്രാർത്ഥന നായകൻ

## യേശുവിന്റെ പ്രാർത്ഥന ജീവിതം

സ്വർഗ്ഗസ്ഥനായ പിതാവിന് തുല്യനായ യേശുക്രിസ്തു മനുഷ്യരൂപത്തിൽ ഈ ഭൂമിയിൽ വന്നപ്പോഴും, എല്ലാ സമയത്തും തന്റെ പിതാവിനോട് പ്രാർത്ഥിക്കുന്നതായി കാണപ്പെട്ടു. എല്ലാ കാര്യത്തിലും നമുക്ക് മാതൃകയായിരിക്കുന്നതുപോലെ, പ്രാർത്ഥനയിലും ഒരു മാതൃക നൽകിയിരിക്കുന്നു. തന്റെ പ്രാർത്ഥനാ ജീവിതത്തിൽ യേശുക്രിസ്തു എങ്ങനെ നമുക്ക് മാതൃക കാണിച്ചുവെന്നും എങ്ങനെ പ്രാർത്ഥിച്ചുവെന്നും ഈ പംക്തിയിലൂടെ നമുക്ക് കാണാം.

### 1. സന്ധ്യാ പ്രാർത്ഥന

**"അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി; വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു .." (മത്തായി 14:23).**

യേശുക്രിസ്തു പകൽ മുഴുവനും ജനങ്ങളുടെ മദ്ധ്യത്തിൽ സഞ്ചരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിട്ടും, ചിലപ്പോഴൊക്കെ യേശു ഏകാന്തത തിരഞ്ഞെടുക്കുകയും പിതാവുമായുള്ള ആഴമായ കൂട്ടായ്മയിൽ പ്രാർത്ഥിക്കുകയും ചെയ്തു. ഇത് നമുക്ക് ഒരു മാതൃകയാണ്.

### 2. പ്രഭാത പ്രാർത്ഥന

**"അതികാലത്ത് ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ട് ഒരു നിർജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു" (മർക്കൊസ് 1:35)**

...എന്നെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും (സദൃ.8:17) എന്ന വചനം അനുസരിച്ച് പതിവായി യേശു അതിരാവിലെ പിതാവിനോടൊപ്പം നടന്നു.

### 3. മുഴുരാത്രി പ്രാർത്ഥന

**"ആ കാലത്ത് അവൻ പ്രാർത്ഥിക്കേണ്ടതിന് ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു" (ലൂക്കൊസ് 6:12).**

12 ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിന് മുമ്പ്, യേശു രാത്രി മുഴുവൻ പ്രാർത്ഥിച്ചു. പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പ് പ്രാർത്ഥന അനിവാര്യമാണെന്ന് കാണിച്ചുതന്നു.

### 4. മലമുകളിലെ പ്രാർത്ഥന

**"അവരെ പറഞ്ഞയച്ചു വിട്ടശേഷം താൻ പ്രാർത്ഥിപ്പാൻ മലയിൽ പോയി" (മർക്കൊസ് 6:46).**

അയ്യായിരം പേരെ പോഷിപ്പിച്ചതിനുശേഷവും, ഇത്രയും വലിയ ഒരു അത്ഭുതം തന്നിലൂടെ സംഭവിച്ചതിൽ തൃപ്തനാകാതെ, ഏകാന്തത അന്വേഷിച്ച് യേശു മലമുകളിൽ പോയി പ്രാർത്ഥിച്ചു. ഏകാന്തത, ദൈവവുമായുള്ള ആഴമായ ബന്ധത്തെ ഉറപ്പിക്കുന്നു.



### 5. മരുഭൂമിയിലെ പ്രാർത്ഥന

**"അവനോ നിർജനദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (ലൂക്കൊസ് 5:16).**

സാത്താന്റെ പരീക്ഷണങ്ങളെ നേരിടുന്നതിനുമുമ്പ്, യേശു 40 ദിവസം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഏകാന്തമായ പ്രാർത്ഥനയിലൂടെ യേശു പിതാവിൽ നിന്ന് ശക്തി പ്രാപിച്ചു.

### 6. ശിഷ്യന്മാരോടൊപ്പമുള്ള പ്രാർത്ഥന

**"അവൻ തനിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ശിഷ്യന്മാർ കൂടെ ഉണ്ടായിരുന്നു" (ലൂക്കൊസ് 9:18).**

ക്രൂശിലേക്ക് പോകുന്നതിനുമുമ്പ്, യേശു തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. അവരോടൊപ്പം പ്രാർത്ഥിക്കുന്നതിലൂടെ അവരുടെ വിശ്വാസം ബലപ്പെടണമെന്ന് ആഗ്രഹിച്ചു.

### 7. ശ്രദ്ധയോടുള്ള പ്രാർത്ഥന

**"പിന്നെ അവൻ പ്രാണവേദനയിലായി; അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി" (ലൂക്കൊസ് 22:44).**

ഗത്ത്ശെമന തോട്ടത്തിൽ താൻ നേരിടുവാൻ പോകുന്ന ക്രൂശിന്റെ വേദനയെ അഭിമുഖീകരിച്ചപ്പോഴും, പിതാവിന്റെ ഹിതത്തിന് സമർപ്പിക്കുന്ന മനോഭാവത്തോടെ യേശു പ്രാർത്ഥിച്ചു.

### 8. നിരന്തരമായ പ്രാർത്ഥന

**"പിതാവേ, ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ, അവരെ വിട്ടു മൂന്നാമതും പോയി ആ വചനംതന്നെ ചൊല്ലി പ്രാർത്ഥിച്ചു" (മത്തായി 26:42,44).**

ഈ ഭാഗത്തിൽ യേശു ഒരേ കാര്യത്തിനായി മൂന്ന് തവണ പ്രാർത്ഥിക്കുന്നത് നമുക്ക് കാണാം. ഇതിലൂടെ, ഒരേ കാര്യത്തിനായി വീണ്ടും വീണ്ടും പ്രാർത്ഥിക്കുന്നത് ദൈവഹിതത്തോടുള്ള നമ്മുടെ വിധേയത്വത്തിന്റെ അടയാളമായാണ് യേശു കാണിച്ചുതന്നിരിക്കുന്നത്.

### 9. കവിണ്ണുവീണുള്ള പ്രാർത്ഥന

**"പിന്നെ അവൻ അല്പം മുമ്പോട്ടുചെന്നു കവിണ്ണുവീണു... എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കും പോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു" (മത്തായി 26:39).**

ഇവിടെ, യേശു സ്വന്തം ഇഷ്ടത്തിനു പകരം, പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിനായി തന്നെത്തന്നെ പൂർണ്ണമായും സമർപ്പിച്ചു ഭക്തിയോടെ കവിണ്ണുവീണ് താൻ ഒന്നുമല്ല എന്ന മനോഭാവത്തെ യേശു വെളിപ്പെടുത്തി.

### 10. കണ്ണുനീരോടും ഉറച്ച നിലവിളിയോടുമുള്ള പ്രാർത്ഥന

**"... തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയയാചനയും കഴിച്ചു" (എബ്രായർ 5:7).**

ലാസറിന്റെ മരണത്തെക്കുറിച്ചും യെരൂശലേമിന്റെ നാശത്തെക്കുറിച്ചും അറിഞ്ഞപ്പോഴും യേശു കണ്ണുനീരോടെ പ്രാർത്ഥിച്ചു.

പ്രിയ യൗവനക്കാരെ,,,! യേശുവിന്റെ ജീവിതം ശ്രദ്ധിക്കുമ്പോൾ, യേശുവിന്റെ ശുശ്രൂഷയുടെ രഹസ്യം പ്രാർത്ഥന ജീവിതമായിരുന്നു എന്ന് നമുക്ക് മനസ്സിലാകുന്നു. യേശു ജനക്കൂട്ടത്തിൽ പ്രസംഗിച്ചു. അത്ഭുതങ്ങൾ പ്രവർത്തിച്ചു. ആയിരക്കണക്കിന് ജനങ്ങളെ പോഷിപ്പിച്ചു. പിതാവിന്റെ ഹിതപ്രകാരം സകലവും ചെയ്യുന്നതിനായി തന്റെ പ്രധാന സമയം പ്രാർത്ഥനയ്ക്കായി നീക്കിവച്ചു.

☞ അന്ത്യകാല ഉണർവിലേക്ക് വിളിക്കപ്പെട്ട യൗവനക്കാരെ, നിങ്ങൾക്ക് ഒരു വെല്ലുവിളി!

☞ അതിരാവിലെ ഫോൺ എടുക്കുന്നതിനുമുമ്പ് കർത്താവിനെ അന്വേഷിക്കാറുണ്ടോ?

☞ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ് രാത്രി മുഴുവനും പ്രാർത്ഥിക്കുവാൻ തയാറാണോ?

☞ നിങ്ങളുടെ വ്യാകുലതകളും കണ്ണുനീരും പ്രാർത്ഥനയായി മാറ്റാമോ?

☞ ഏകാന്തതയിൽ കർത്താവുമായി സംസാരിക്കുന്ന ശീലം നിങ്ങൾ വളർത്തിയെടുക്കുമോ?

" ... എന്നോടുകൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ" (മത്തായി 26:40) എന്ന് യേശു തന്റെ ശിഷ്യന്മാരോട് ചോദിച്ചു, ഇന്ന് അതേ ചോദ്യം നിങ്ങളെയും എന്നെയും ലക്ഷ്യം വയ്ക്കുന്നു, ഇന്നുമുതൽ നിങ്ങളുടെ പ്രാർത്ഥന ജീവിതം ഒരു പുതിയ തലത്തിലേക്ക് ഉയർത്തുവാൻ നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ,

☞ നിങ്ങളുടെ മുറി പ്രാർത്ഥന മുറി ആക്കുവിൻ.

നിങ്ങളുടെ ഏകാന്തത കർത്താവിനോടുകൂടെയുള്ള സമയമാക്കുവിൻ.

☞ നിങ്ങളുടെ കണ്ണുനീർ ശക്തിയേറിയ പ്രാർത്ഥനയായി മാറ്റുവിൻ.

☞ അപ്പോൾ, നിങ്ങളും യേശുവിനെപ്പോലെ, ദൈവഹിതത്തിൽ ഉറച്ചുനിൽക്കുകയും ദൈവശക്തിയാൽ ജീവിക്കുകയും ചെയ്യും.!!



# അത്ഭുത വാർത്തകൾ!



**Hi friends,** എല്ലാവരും സുഖമായിരിക്കുന്നുവോ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ. അത്ഭുത വാർത്തകൾ എന്ന് പംക്തിയിലൂടെ നിങ്ങളെ വീണ്ടും കാണാൻ കഴിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

കർത്താവ് അബ്രഹാമിനെ നോക്കി നീ എഴുന്നേറ്റ് ദേശത്തുകൂടി നടക്ക, അത് എത്ര നീളവും വീതിയും ഉള്ളതാണെങ്കിലും ഞാൻ അത് നിനക്ക് തരും എന്നും, യോശുവയെ നോക്കി നീ അതിൽ നിന്റെ കാൽ ചവിട്ടണം എന്ന് പറഞ്ഞതായും, യേശു നന്മ ചെയ്ത് ചുറ്റു സഞ്ചരിച്ചതായും അതിലൂടെ നിരവധി അത്ഭുതങ്ങൾ സംഭവിച്ചതായും വേദപുസ്തകത്തിൽ നാം കാണുന്നു. കർത്താവ് ഈ ജനങ്ങളോട് ദേശത്തുടനീളം നടക്കുവാൻ പറയുകയും അതിന്റെ ഫലമായി അവർക്ക് ദേശങ്ങളും നഗരങ്ങളും ജനങ്ങളെയും സൗജന്യമായി നൽകിയതായും നാം കാണുന്നു. **prayer walk**ന്റെ മുന്നോടിയായുള്ളവയാണിത്.

**ഇന്ന് prayer walkലൂടെ അത്ഭുതങ്ങൾ സംഭവിക്കുമോ? ജനങ്ങളും, നഗരങ്ങളും വിടുവിക്കപ്പെടുമോ? എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോഴാണ് തമിഴ്നാട്ടിലെ ചില ഭാഗങ്ങളിൽ നിന്ന് അത്ഭുതകരമായ വാർത്തകൾ ലഭിച്ചത്.**

ഒരു സഹോദരി എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുന്ന വഴിയിൽ ലക്ഷണം പറയുന്ന ഒരു ക്ഷേത്രം കണ്ട് ഹൃദയത്തിൽ ഭാരപ്പെട്ടു. ആ പ്രദേശത്ത് പോകുമ്പോഴെല്ലാം അവൾ അതിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവാൻ തുടങ്ങി. ആ സഹോദരി പ്രാർത്ഥിക്കുന്തോറും ഒരു മാറ്റം വന്നു. എന്നാൽ ആ മാറ്റം സഹോദരിയെ കൂടുതൽ വിഷമിപ്പിച്ചു. ലക്ഷണം പറയുന്ന സ്ഥലം വളരുകയും ധാരാളം ജനങ്ങൾ വരുന്ന ഒരു ജനപ്രിയ സ്ഥലമായി മാറുകയും ചെയ്തു. ഈ സഹോദരിക്ക് ഒരു ആശങ്കയുണ്ടായിരുന്നു. കർത്താവേ ഞാൻ ഈ പ്രദേശത്ത് വരുമ്പോഴെല്ലാം പ്രാർത്ഥിക്കുന്നു ഇത് ഇത്രയധികം വളർന്നതിൽ ഞാൻ ദുഃഖിക്കുന്നു. എങ്കിലും അവൾ പ്രാർത്ഥിക്കുന്നത് ഉപേക്ഷിച്ചില്ല. ആ

സ്ഥലം സന്ദർശിക്കുമ്പോഴെല്ലാം കൂടുതൽ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. എന്തൊരു അത്ഭുതം! ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ സ്ഥലം അവിടെ ഇല്ലാതായി! കെട്ടിടങ്ങൾ പൊളിച്ചു കടകളാക്കി മാറ്റി, അതിനുശേഷം നിരവധി പുതിയ ആത്മാക്കൾ അവരുടെ സഭയിലേക്ക് വന്നു.



ഒരു പ്രദേശത്ത് ഒരു സംഘം പ്രാർത്ഥന യാത്രയും സുവിശേഷ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരുന്നു. ഒരു ഗ്രാമത്തിലൂടെ കടന്നുപോകുമ്പോൾ, ഒരു വൃദ്ധൻ വടിയുടെ സഹായത്തോടെ നടക്കുകയായിരുന്നു. സംഘത്തിലെ രണ്ട് സഹോദരന്മാർ യേശുവിനെക്കുറിച്ചും യേശു ചെയ്ത അത്ഭുതങ്ങളെക്കുറിച്ചും ആ മനുഷ്യനോട് സംസാരിച്ചു. ഉടനെ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയ്ക്ക് ശേഷം ആ മനുഷ്യൻ വടിയുടെ സഹായമില്ലാതെ നടക്കാൻ തുടങ്ങി. ആ സംഘം കർത്താവിനെ മഹത്വപ്പെടുത്തി. അതിനുശേഷം, താൻ പോകുന്ന സ്ഥലത്തെല്ലാം യേശുവാണ് ഇതൊക്കെയും ചെയ്തതെന്നും, തന്നെ സൗഖ്യമാക്കിയെന്നും അദ്ദേഹം പറയാൻ തുടങ്ങി. ആ സംഘം കടന്നുപോയ ഗ്രാമത്തിൽ അനേകരെ നേടുവാൻ കഴിഞ്ഞു.

മറ്റൊരു ഗ്രാമത്തിൽ ചില സഹോദരിമാർ പ്രാർത്ഥന യാത്ര പോയിരുന്നു. യാദൃശ്ചികമായി ഒരു കുടുംബത്തെ കണ്ടുമുട്ടി. ആ ഭവനത്തിലെ കുഞ്ഞിന് ടോൺസിൽ രോഗം ബാധിച്ചിരിക്കുന്നുവെന്നും, ശസ്ത്രക്രിയയിലൂടെ ടോൺസിൽ മുഴ നീക്കം ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞിരിക്കുന്നു എന്നും അവർ പ്രാർത്ഥനാ യാത്ര പോയ സഹോദരിമാരോട് പറഞ്ഞു. അവർ അവരെ ആശ്വസിപ്പിച്ചു. യേശുവിനെക്കുറിച്ച് പറഞ്ഞു, അവർക്കുവേണ്ടി പ്രാർത്ഥിച്ചു വീട്ടിലേക്ക് മടങ്ങി. എന്തൊരു അത്ഭുതം, പിറ്റേന്ന് കുട്ടിയുടെ അമ്മ ആ സഹോദരിമാരെ വിളിച്ച് ഇന്ന് ഡോക്ടറെ കണ്ടിരുന്നുവെന്നും, ശസ്ത്രക്രിയയുടെ ആവശ്യമില്ല ട്യൂമർ പോയി എന്ന് അദ്ദേഹം പറഞ്ഞു എന്നും സന്തോഷത്തോടെ പറഞ്ഞു.

**ഇതൊക്കെ കേൾക്കുമ്പോൾ അത്ഭുതം തോന്നുന്നു അല്ലേ! പ്രാർത്ഥന യാത്രയും സുവിശേഷീകരണവും എത്ര പ്രധാനമാണെന്ന് കാണുന്നുവോ ഫ്രണ്ട്സ്? നാം പ്രാർത്ഥന യാത്രകൾ പോകുമ്പോൾ, നമ്മുടെ നോട്ടത്തിലൂടെ പോലും ശത്രുവിന്റെ കോട്ടകൾ തകർക്കപ്പെടും. വാക്കുകളാലും അത്ഭുതങ്ങൾ സംഭവിക്കും. പിശാചിന്റെ രാജ്യം വിറയ്ക്കും. ജനങ്ങൾ കൊള്ളയായി നമുക്ക് ലഭിക്കും. നാം ഓരോ ദിവസവും പല സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്നു, ഏത് സ്ഥലത്ത് പോയി പ്രാർത്ഥിച്ചാലും അവിടെ നമുക്ക് മാറ്റങ്ങൾ കാണാൻ കഴിയും. അതുകൊണ്ട് നമുക്കും പ്രാർത്ഥനാ യാത്ര പോകാം, സുവിശേഷം അറിയിക്കാം, ദേശം അവകാശമാക്കാം!**






# ഉണർവിന്റെ വിത്തുകൾ!

## അലക്സാണ്ടർ ഡഫ്

ഇന്നത്തെ ഉണർവിനായി വിത്തുകൾ വിതച്ചവർ, അവസരങ്ങളൊന്നും പ്രതീക്ഷിക്കാതെ ആത്മാക്കൾക്കായി ജീവൻ നൽകി. ഇന്നത്തെ യൗവനക്കാർക്ക് അവരെക്കുറിച്ച് അറിയാൻ സാധ്യതയില്ല. അതുകൊണ്ട് തന്നെ, അവരെക്കുറിച്ച് അറിയുവാൻ കഴിഞ്ഞ 9 മാസങ്ങളായി 'ഉണർ വിന്റെ വിത്തുകൾ' എന്ന തലക്കെട്ടിൽ ക്രിസ്തുവിനായി തങ്ങളുടെ ജീവിതം സമർപ്പിച്ച അനേകരെ നാം കണ്ടുവരുന്നു. കഴിഞ്ഞ മാസം ലോകത്തിലെ ഏറ്റവും പ്രയാസമുള്ള ജോലി ലഭിക്കണമെന്ന് ആവശ്യപ്പെട്ട്, സുവിശേഷം അറിയിക്കുവാൻ ഏറ്റവും ബുദ്ധിമുട്ടുള്ള രാജ്യമായ ചൈനയിൽ 25 വർഷം ജോലി ചെയ്യുകയും, വേദപുസ്തകം ആദ്യമായി ചൈനീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്ത് ക്രിസ്തുവിന്റെ അനശ്വരമായ വചനം ചൈനീസ് ജനതയ്ക്ക് ലഭ്യമാക്കുകയും ചെയ്ത റോബർട്ട് മോറിസണെ നാം കണ്ടു. ഈ മാസം, 18-ാം നൂറ്റാണ്ടിൽ ദൈവത്തിന്റെ സഹായത്തോടെ ഒരു പുതിയ പദ്ധതിയുമായി ഇന്ത്യയിൽ വന്ന് ഉയർന്ന ജാതിക്കാരോട് സുവിശേഷം അറിയിച്ച ഒരു മിഷനറിയെയാണ് നാം കാണുവാൻ പോകുന്നത്.




1806 ഏപ്രിൽ 25ന് സ്കോട്ട്ലൻഡിലാണ് അലക്സാണ്ടർ ഡഫ് **(Alexander Duff)** ജനിച്ചു വളർന്നത്. ആൻഡ്രൂസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദവും ശാസ്ത്രത്തിൽ ബിരുദവും നേടി. 1820ൽ, സ്കോട്ട്ലൻഡിൽ ഉണർവും മിഷനറിമാരുടെ തീക്ഷ്ണതയും കാട്ടുതീ പോലെ പടർന്നു. ആ സമയത്ത് അലക്സാണ്ടർ കർത്താവിനെ സ്വീകരിക്കുകയും 23 വയസ്സുള്ളപ്പോൾ മിഷനറി പ്രവർത്തനത്തിനായി സ്വയം സമർപ്പിക്കുകയും ചെയ്തു. 1829ൽ സ്കോട്ട്ലൻഡ് ചർച്ച് അദ്ദേഹത്തെ ആദ്യത്തെ മിഷനറിയായി നിയമിച്ചു. അതേ വർഷം തന്നെ, **Anne Duff** എന്ന സ്ത്രീയെ വിവാഹം കഴിച്ചു. അതിനുശേഷം 1830ൽ ഇന്ത്യയിലെ ഉയർന്ന ജാതിക്കാരിലേക്ക് സുവിശേഷവുമായി എത്തിച്ചേരുവാനുള്ള പുതിയ ദർശനവുമായി അദ്ദേഹവും ഭാര്യയും മിഷനറിമാരായി കൊൽക്കത്തയിലേക്ക് കപ്പൽ കയറി. ഈ യാത്രയ്ക്കിടെ, അദ്ദേഹത്തിന് രണ്ട് കപ്പൽച്ചേതങ്ങൾ നേരിടേണ്ടിവന്നു. അതിലൊന്നിൽ അദ്ദേഹത്തിന്റെ എല്ലാ പുസ്തകങ്ങളും സർട്ടിഫിക്കറ്റുകളും വസ്തുവകകളും നഷ്ടപ്പെട്ടു.

പരാജയത്തിലും തളരാതെ അദ്ദേഹം യാത്ര തുടർന്നു.

ഇന്ത്യയിലെത്തിയപ്പോൾ അദ്ദേഹം അവരെ ഇംഗ്ലീഷും വേദപുസ്തകവും പഠിപ്പിച്ചു, അതോടൊപ്പം കലയിലും ശാസ്ത്രത്തിലും ഒരു ദർശനാത്മാക പാശ്ചാത്യ വിദ്യാഭ്യാസവും നൽകി. അതുവഴി ഉയർന്ന വർഗ്ഗത്തിന്റെ അന്ധവിശ്വാസങ്ങളെ തുടച്ചുനീക്കി, അവരുടെ ഹൃദയദൃഷ്ടി തുറക്കുകയും, യേശുവാണ് രക്ഷകൻ എന്ന് അവരോട് അറിയിക്കുകയും ചെയ്തു.

അദ്ദേഹം ഇന്ത്യയിൽ വരുന്നതിനുമുമ്പ്, സമ്പന്നർക്കും ഉയർന്ന ജാതിക്കാർക്കും സുവിശേഷം കേൾക്കാനുള്ള അവസരങ്ങൾ വളരെ കുറവായിരുന്നു. ഗ്രാമങ്ങളിൽ താമസിക്കുന്ന ദരിദ്രരും താഴ്ന്ന ജാതിക്കാരുമായ ആളുകൾക്ക് സുവിശേഷത്തോടുള്ള ആഗ്രഹം ഇവരിൽ ഉണ്ടായിരുന്നില്ല.

ഇതിലൂടെ ഇന്ത്യയിൽ ക്രിസ്തുമതം ശക്തമായി സ്ഥാപിക്കാൻ കഴിയുമെന്ന് അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസമായിരുന്നു. അക്കാലത്ത് ഇന്ത്യയിലെ മിഷനറിമാരും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികളും ഈ മിഷനറി ദർശനത്തെ ശക്തമായി വിമർശിച്ചെങ്കിലും, അദ്ദേഹം നിരാശനായില്ല. ഇന്ത്യയിലെത്തി ഏതാനും മാസങ്ങൾക്കുള്ളിൽ അഞ്ച് വിദ്യാർത്ഥികളുമായി ഒരു ആൽമരത്തിന്റെ ചുവട്ടിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ 300 വിദ്യാർത്ഥികൾ ചേർന്നു. ഉയർന്ന ജാതിക്കാരായ ബംഗാളി സംസാരിക്കുന്ന യൗവനക്കാരുടെ ഒരു സംഘം വലിയ താൽപര്യം കാണിച്ചു. പാശ്ചാത്യ കലകൾ, ശാസ്ത്രം, ഇംഗ്ലീഷ് എന്നിവ പഠിപ്പിച്ചിരുന്നെങ്കിലും ക്രിസ്തീയ മതപരമായ പ്രബോധനമായിരുന്നു അടിസ്ഥാനവും ഏറ്റവും പ്രധാനവും. എല്ലാ ദിവസവും പ്രാർത്ഥനയോടെ സ്കൂൾ ആരംഭിച്ചു. വേദപുസ്തകത്തിന്റെ ഒരു ഭാഗം വായിക്കുകയും വിശദീകരിക്കുകയും ചെയ്തു. പാഠ്യപദ്ധതിയിൽ വേദപുസ്തകം ഒരു വിഷയമായി പഠിപ്പിച്ചു. സ്കൂൾ ആരംഭിച്ച് മൂന്ന് വർഷത്തിനുള്ളിൽ നാലു പേർ ക്രിസ്തുവിനെ സ്വീകരിച്ച് സ്നാനമേറ്റു.



ഇത് കണ്ട് ചിലർ ഭയന്ന് സ്കൂൾ വിട്ടുപോയെങ്കിലും താൽപര്യമുള്ള അനേകരെ കർത്താവ് തന്റെ സ്കൂളിലേക്ക് കൊണ്ടുവന്നു. സ്കൂൾ ആരംഭിച്ച്10 വർഷത്തിൽ 800 വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ സ്കൂളിൽ പഠിച്ചു. അടുപ്പ് കത്തിക്കേണ്ട സ്ത്രീകൾക്ക് വിദ്യാഭ്യാസം എന്തിനാണ്? എന്ന ചോദ്യം ഉയർന്നുവന്നിരുന്ന സമയത്ത്, ഉയർന്ന ജാതിക്കാരായ സ്ത്രീകൾക്കായി അദ്ദേഹം ഒരു പ്രത്യേക സ്കൂൾ സ്ഥാപിച്ചു. ഇത് നിരവധി ധനികരായ സ്ത്രീകളെ ആകർഷിച്ചു. വർഷങ്ങൾ കടന്നുപോയപ്പോൾ ആയിരക്കണക്കിന് വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ സ്കൂളിൽ പഠിച്ചു. അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കിടെ വിദ്യാസമ്പന്നരും കഴിവുള്ളവരുമായ 33 ഉയർന്ന ജാതിക്കാർ ക്രിസ്തുവിനെ സ്വീകരിക്കുകയും അനുഗമിക്കുകയും ചെയ്തു. ഈ ചെറിയ സംഘം സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തിയതും, അവരിൽ ചിലർ പ്രധാനപ്പെട്ട മിഷനറിമാരും പ്രാസംഗികരും സഭയുടെ തൂണുകളും ആയി മാറിയതും അലക്സാണ്ടർ ഡഫിന്റെ ശുശ്രൂഷയുടെ വലിയ വിജയമായിരുന്നു.

താൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ അദ്ദേഹം ജയാളിയായ ഒരു മിഷനറിയും പ്രാസംഗികനുമായിരുന്നു. ഇംഗ്ലണ്ട്, അയർലൻഡ്, സ്കോട്ട്ലൻഡ്, വെയിൽസ്, അമേരിക്ക തുടങ്ങി വിവിധ രാജ്യങ്ങളിലേക്ക് അദ്ദേഹം സഞ്ചരിച്ച് തന്റെ ശുശ്രൂഷയ്ക്കായി പ്രാർത്ഥനയും സാമ്പത്തിക സഹായങ്ങളും ശേഖരിച്ചു. അദ്ദേഹത്തിന്റെ പുരോഗമനപരമായ പ്രവർത്തനങ്ങൾ നിമിത്തം, 100ലധികം യൗവനക്കാർ വിദേശത്ത് മിഷനറിമാരായി സേവനമനുഷ്ഠിക്കാൻ മുന്നോട്ടുവന്നു. ഔപചാരിക വിദ്യാഭ്യാസവും സുവിശേഷീകരണവും സംയോജിപ്പിക്കുന്ന ഈ മിഷനറി രീതി ലോകമെമ്പാടും പിന്തുടരാൻ തുടങ്ങി.

**പ്രിയ യുവജനങ്ങളെ! കർത്താവ് നൽകിയ ദർശനമനുസരിച്ച് അലക്സാണ്ടർ ഡഫ് സമ്പന്നരുടെയും ഉന്നതരുടെയും മദ്ധ്യത്തിൽ സുവിശേഷം പ്രസംഗിച്ചു, പലരെയും കർത്താവിലേക്ക് നയിച്ചു. വർദ്ധിച്ചുവരുന്ന നഗരവൽക്കരണത്തിന്റെയും വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകുന്ന ഇന്നത്തെ മാതാപിതാക്കളുടെയും വിദ്യാർത്ഥികളുടെയും കാലത്ത്, നമ്മുടെ സുവിശേഷ വേലയുടെ പദ്ധതി എന്താണ്? നഗരങ്ങളിലെ സമ്പന്നരെയും ഉന്നത വർഗ്ഗക്കാരെയും സന്ദർശിക്കുവാൻ കർത്താവ് നമ്മെ വിളിച്ചാൽ, അലക്സാണ്ടർ ഡഫിനെപ്പോലെ നാം നമ്മെ സമർപ്പിക്കുമോ?**

# പ്രാർത്ഥന ഡയറി

## നവംബർ 2025

1. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതും, കൊലപാതകവും, ദുരുപയോഗം ചെയ്യുന്നതും തടയപ്പെടുവാനും അവർ സംരക്ഷിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

2. ദേശത്തിലുള്ള ഓരോ കുഞ്ഞുങ്ങളുടെ മേലും കർത്താവിന്റെ കരം നീട്ടപ്പെടുവാനും, അവർക്കെതിരെ പ്രവർത്തിക്കുന്ന ദുഷ്ടന്മാരുടെ കൈകളിൽ നിന്ന് അവർ വിടുവിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

3. കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി തെറ്റായ കാര്യങ്ങൾക്കായി ഉപയോഗിക്കുന്ന ദുഷ്ടന്മാർ മാനസാന്തരപ്പെടുവാനും, അവരിൽ നിന്ന് കുഞ്ഞുങ്ങൾ വിടുവിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

4. സ്വാർത്ഥലാഭത്തിനായി ദരിദ്രരെയും, തെരുവോരങ്ങളിൽ താമസിക്കുന്ന കുഞ്ഞുങ്ങളെയും തട്ടിക്കൊണ്ടുപോകുന്ന ദുഷ്ടന്മാരെ കർത്താവ് സന്ദർശിക്കുവാനായി ഭാരത്തോടെ പ്രാർത്ഥിക്കുവിൻ.

5. കുഞ്ഞുങ്ങളുടെ രക്തത്തിന് കാരണമാകുന്ന ദുഷ്ടാത്മാക്കളുടെ ശക്തികൾ ബന്ധിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

6. കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി വിൽപ്പന വസ്തുക്കളാക്കി മാറ്റുന്ന ദുഷ്ടന്മാരെ കർത്താവ് ശിക്ഷിക്കുവാനായി പ്രാർത്ഥിക്കുവിൻ.

7. ജുവനൈൽ റിഫോം സ്കൂളുകളിൽ കുറ്റവാളികളായി തടവിലാക്കപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങൾ മാനസാന്തരപ്പെടുവാനും, അവരുടെ ഭാവിജീവിതം അനുഗ്രഹമാകുവാനും പ്രാർത്ഥിക്കുവിൻ.

8. മാതാപിതാക്കളെ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെ ഭാവിയുടെ ഉത്തരവാദിത്തം കർത്താവ് ഏറ്റെടുക്കുവാനായി പ്രാർത്ഥിക്കുവിൻ.

9. നമ്മുടെ രാജ്യത്ത് പ്രതിവർഷം സംഭവിക്കുന്ന 4.5 ലക്ഷം മുതൽ 5 ലക്ഷം വരെയുള്ള റോഡപകടങ്ങളിൽ 1.5 ലക്ഷം മരണങ്ങൾ സംഭവിക്കുന്നത് കുറയുവാനും, ഇന്ത്യ അപകടരഹിതമായ ഒരു രാജ്യമായി മാറുവാനും പ്രാർത്ഥിക്കുവിൻ.

10. ലോകമെമ്പാടും ഏറ്റവും കൂടുതൽ റോഡപകട മരണങ്ങൾ സംഭവിക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും തമിഴ്നാടും മുന്നിലാണ്. ഇവ പൂർണ്ണമായും തടയപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

11. ഗതാഗത ഹൈവേ മേഖലകളിലെ അഴിമതി തുടച്ചുനീക്കപ്പെടുവാനും, റോഡുകൾ നന്നാക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ടുവരുവാനും പ്രാർത്ഥിക്കുവിൻ.

12. മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ പിഴ ചുമത്തി ഉചിതമായ ശിക്ഷകൾ നൽകുവാൻ സർക്കാർ മുന്നോട്ടുവരുവാനായി പ്രാർത്ഥിക്കുവിൻ.

13. അമിതവേഗതയും, റോഡിൽ സ്ഥാപിച്ചിരിക്കുന്ന വേഗപരിധിമറികടന്ന് പോകുന്നതും നിമിത്തം ഉണ്ടാകുന്ന അപകടങ്ങൾ തടയപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

14. ദീർഘദൂര യാത്രക്കാർ മതിയായ വിശ്രമവും ഉറക്കവുമില്ലാതെ വാഹനമോടിക്കുന്നതിലൂടെ ഉണ്ടാകുന്ന റോഡപകടങ്ങൾ ഒഴിവാകുവാനായി പ്രാർത്ഥിക്കുവിൻ.

15. പുകയില ഉപയോഗത്തിലൂടെ ഇന്ത്യയിൽ പ്രതിവർഷം 13,50,000 ൽ അധികം ജനങ്ങൾ മരിക്കുന്ന ദാരുണമായ സാഹചര്യം മാറുവാനായി പ്രാർത്ഥിക്കുവിൻ.

16. ഇന്ത്യയിൽ പത്തിൽ ഒരാൾ പുകയില ഉപയോഗം നിമിത്തം രോഗങ്ങൾ ബാധിച്ച് അകാലമരണം സംഭവിക്കുന്ന അവസ്ഥ മാറുവാനായി പ്രാർത്ഥിക്കുവിൻ.



17. പുകയിലെ സംബന്ധമായ രോഗങ്ങൾക്കായി ഇന്ത്യ പ്രതിവർഷം 1.77 ലക്ഷം കോടി രൂപ ചെലവഴിക്കുന്നു. പുകവലിക്ക് അടിമപ്പെട്ടവർ അതിൽ നിന്നും വിടുവിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

18. ഇന്ത്യയിലുടനീളം സിഗരറ്റ്, ബീഡി എന്നിവയുടെ വിൽപ്പന നിരോധിക്കുവാൻ സുപ്രീം കോടതി കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ഉത്തരവിടുന്നതിനായി പ്രാർത്ഥിക്കുവിൻ.

19. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ രാജ്യത്തിലുടനീളം 17 ലക്ഷത്തിലധികം ജനങ്ങൾക്ക് എച്ച്ഐവി ബാധിച്ചിട്ടുണ്ട്. അവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുവിൻ.

20. ഈ രോഗം നിമിത്തം മരണം നിശ്ചയമാണെന്ന് അറിഞ്ഞിട്ടും ധൈര്യത്തോടെ പാപം ചെയ്യുന്നവർ മാനസാന്തരപ്പെടുവാനും ബാധിക്കപ്പെട്ടവരോട് സമൂഹം മനുഷ്യത്വത്തോടെ പെരുമാറുവാനും പ്രാർത്ഥിക്കുവിൻ.

21. എച്ച്ഐവി ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട സംസ്ഥാനങ്ങൾ - ആന്ധ്രാപ്രദേശ് 3,18,814, മഹാരാഷ്ട്ര 2,84,511, കർണാടക 2,12,982, തമിഴ്നാട് 1,16,536, ഉത്തർപ്രദേശ് 1,10,911, ഗുജറാത്ത് 87,440 . ബാധിക്കപ്പെട്ട സംസ്ഥാനങ്ങൾ ഇതിൽ നിന്നും പുറത്തുവരുവാൻ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

22. യാതൊരു തെറ്റും ചെയ്യാത്ത സാഹചര്യത്തിലും മാതാപിതാക്കളുടെ തെറ്റുകൾ നിമിത്തം ജനനം മുതൽ എച്ച്ഐവി ബാധിച്ച കുഞ്ഞുങ്ങളോട് കർത്താവ് കരുണ കാണിക്കുവാനും, അവർക്ക് പൂർണ്ണ രോഗസൗഖ്യം ലഭിക്കുവാനും പ്രാർത്ഥിക്കുവിൻ.

23. എയ്ഡ്സിനെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഗൗരവമേറിയ നടപടികൾ സ്വീകരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

24. സഭയിൽ ദൈവജനങ്ങളുടെ മദ്ധ്യത്തിൽ സത്യവും സ്നേഹവും മാനസിക ഐക്യവും ഉണ്ടാകുവാനും, കൊച്ചു കുഞ്ഞുങ്ങളും യൗവനക്കാരും പരിശുദ്ധാത്മാവിന്റെ തീയായിരിക്കുവാനും പ്രാർത്ഥിക്കുവിൻ.

25. കർത്താവ് വിശുദ്ധനായിരിക്കുന്നതുപോലെ, കർത്താവിനെ അറിഞ്ഞ ദൈവജനം കർത്താവിൽ തങ്ങളെ വിശുദ്ധമാക്കുവാനും, ഒരുക്കത്തോടെ ദൈവത്തെ ആരാധിക്കുവാനും പ്രാർത്ഥിക്കുവിൻ.

26. അന്ത്യനാളുകളിൽ സകല ജഡത്തിന്മേലും തന്റെ ആത്മാവിനെ പകരുമെന്ന് വാഗ്ദത്തം നൽകിയിരിക്കുന്ന കർത്താവ്, ഈ ദിവസങ്ങളിൽ ദാഹിക്കുന്ന എല്ലാവരുടെയും മേൽ തന്റെ ആത്മാവിനെ അളവില്ലാതെ പകരുവാനായി പ്രാർത്ഥിക്കുവിൻ.

27. ആഗ്രഹിക്കുന്ന എല്ലാവരുടെയും മേൽ കർത്താവ് അഗ്നി അഭിഷേകം പകരുവാനും, അവർ വരങ്ങളും ഫലങ്ങളും നിറയപ്പെട്ട് അത്ഭുതങ്ങൾ കാണുവാനും, അന്ത്യകാല ഉണർവ് സഭകളിൽ ഉണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.

28. ലോകരാഷ്ട്രങ്ങളെ നശിപ്പിക്കുന്ന വ്യഭിചാരം, വേശ്യാവൃത്തി, കൊലപാതകം, കവർച്ച, ലഹരിവസ്തുക്കളുടെ അടിമത്തം എന്നിവ കൊണ്ടുവരുന്ന ദുരാത്മാക്കൾ നശിച്ചുപോകുവാനും, എല്ലാവരും വിടുവിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

29. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും സുവിശേഷം അറിയിക്കപ്പെടുവാനും, എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും സഭകൾ സ്ഥാപിക്കപ്പെടുവാനും ദൈവരാജ്യം പണിയപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

30. ഈ അന്ത്യനാളുകളിൽ ആത്മഭാരത്തോടെ നിരവധി ശുശ്രൂഷകർ എഴുന്നേൽക്കുവാനും, ലോകം ഇതുവരെ കണ്ടിട്ടില്ലാത്ത ഏറ്റവും വലിയ രക്ഷ എല്ലാ രാജ്യങ്ങളിലും കർത്താവ് കല്പിക്കുവാനും യാചിച്ച് പ്രാർത്ഥിക്കുവിൻ.

# ഇത് അല്ല Trend....!

ഹലോ ഫ്രണ്ട്സ്! സുഖമാണോ? യൗവനക്കാരുടെ ശ്രദ്ധതിരിക്കുന്ന ട്രെൻഡി കാര്യങ്ങളെക്കുറിച്ചാണ് എല്ലാ മാസവും ഈ പംക്തിയിലൂടെ നാം കാണുന്നത്. ഈ മാസം Trend എന്ന പേരിൽ നമ്മുടെ ശ്രദ്ധതിരിക്കുന്ന മറ്റൊരു കാര്യം നോക്കാം. മറ്റുള്ളവരെ ആകർഷിക്കാൻ യൗവനക്കാരായ നമ്മൾ ചെയ്യുന്ന ചില കാര്യങ്ങൾ നാം അറിയാതെ തന്നെ നമ്മെ വഴി തെറ്റിക്കുന്നു. എന്തുവിലകൊടുത്തും സ്നേഹിതരോടൊപ്പം ആഘോഷങ്ങൾക്കും പാർട്ടികൾക്കും യാത്രകൾക്കും പോകുക എന്നതാണ് ഇപ്പോൾ യൗവനക്കാർ ക്കിടയിൽ വേരൂന്നിയിരിക്കുന്ന ഒരു കാര്യം. അത്തരം കാര്യങ്ങൾ രസകരമാണെങ്കിലും, അവ ശരീരത്തെയും ആത്മാവിനെയും ദുർബലപ്പെടുത്തുന്നു. ചിലപ്പോൾ പരിധി കടക്കുമ്പോൾ അത് യൗവനക്കാരുടെ ഭാവിയെ നശിപ്പിക്കുന്നു.

വേദപുസ്തകത്തിൽ ആഘോഷങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ഇയ്യോബിന്റെ മക്കൾ അവരുടെ ജന്മദിനങ്ങൾ ഒരു പ്രത്യേക രീതിയിലാണ് ആഘോഷിച്ചത്. എന്നാൽ ആഘോഷങ്ങൾ കഴിഞ്ഞപ്പോൾ, തന്റെ മക്കൾ പാപം ചെയ്തിരിക്കാമെന്ന് കരുതി ഇയ്യോബ് അവരുടെ ശുദ്ധീകരണത്തിനായി കർത്താവിന് യാഗങ്ങൾ അർപ്പിച്ചു. ഇത് ഒരു സംരക്ഷണ വലയത്തിനുള്ളിലായിരുന്നു. എന്നാൽ യാക്കോബിന്റെ മകളായ ദീന ശെഖേമിനെ കാണാൻപോയി സംരക്ഷണ വലയത്തിന് പുറത്തായതിനാൽ, അവളുടെ പവിത്രത നഷ്ടപ്പെട്ടു.

"ഒരുവൻ അധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു..." (1തിമൊ 3:1) എന്ന് വേദപുസ്തകത്തിൽ നാം വായിക്കുന്നു. സാധാരണയായി, യൗവനക്കാർക്ക് നിരീക്ഷണം ഇഷ്ടമല്ല, കൂടുതൽ കൃത്യമായി പറഞ്ഞാൽ, അവൻ കീഴടങ്ങാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ യൗവനക്കാർ കീഴടങ്ങിയിരിക്കണമെന്ന് അപ്പൊസ്തലനായ പൗലൊസ് 1 പത്രൊസ് 5:5,6 ൽ പറയുന്നു. കർത്താവ് തന്നെ കാണുന്നു എന്ന ഉണർവോടെ പ്രവർത്തിച്ചതുകൊണ്ടാണ് യോസേഫ് എന്ന യുവാവ് വിജയം നേടിയത്. ആഘോഷങ്ങളിൽ നിരീക്ഷണവും നിയന്ത്രണവും ഉണ്ടായിരിക്കുമ്പോൾ, യൗവനക്കാർക്ക് അത് അനുഗ്രഹവും മായാവലയങ്ങളിൽ നിന്നുള്ള രക്ഷയും ആയിരിക്കും.

"യൗവനക്കാരാ, നിന്റെ യൗവനത്തിൽ സന്തോഷിക്ക; യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നുകൊൾക; എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക" (സഭാപ്രസംഗി 11:9) എന്ന് ജ്ഞാനിയായ ശലോമോൻ തന്റെ വചനത്തിൽ പറയുന്നു. സന്തോഷം പ്രകടിപ്പിക്കാൻ വിനോദത്തിലേക്ക് തിരിയുക എന്ന് യൗവനക്കാർ ചിന്തിക്കുന്നു! നീ സ്വീകരിക്കുന്ന പാത നിനക്ക് പൂർണ്ണ സമാധാനവും സന്തോഷവും നൽകുന്നുണ്ടോ? ക്ഷണികമായ ആനന്ദങ്ങൾക്കായി നിങ്ങളുടെ ഭാവിയും നിത്യജീവനും നഷ്ടപ്പെടുത്തരുത്!

**നിങ്ങളുടെ ജീവിതത്തെ നശിപ്പിക്കുന്ന കപടതയിൽ നിന്ന് പിന്തിരിഞ്ഞ്, നിത്യമായ സന്തോഷം നൽകുന്ന സൽപ്രവൃത്തികൾ നിങ്ങളുടെ Trend ആക്കി മാറ്റുവിൻ. നിത്യ സമാധാനം നൽകുന്ന യേശുക്രിസ്തുവിനെ വെളിപ്പെടുത്തുന്ന കാര്യങ്ങൾ നിങ്ങളുടെ Trend ആക്കുവിൻ. എന്തെന്നാൽ, ഈ ലോകത്തെ ജയിച്ചവൻ യേശുക്രിസ്തു മാത്രമാണ് (യോഹ.16:33).**

